<u>മി. സ്പീക്കർ:</u> ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*31)

**സംരംഭകത്വ പ്രോത്സാഹനം**

(*31) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ഡോ. കെ. ടി. ജലീൽ</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകത്വ പ്രോത്സാഹനത്തിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) എം.എസ്.എം.ഇ. ക്ലിനിക്കുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇക്കാലയളവിൽ സംരംഭക സഭകൾ സംഘടിപ്പിക്കുന്നതിന് കഴിഞ്ഞിരുന്നോ; വ്യക്തമാക്കുമോ;

(ഡി) സംരംഭക മേഖലയിൽ സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സർക്കാർ പദ്ധതികൾവഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി 01-04-2023-ലെ സ.ഉ (കൈ) നം 28/2023/ID നമ്പർ ഉത്തരവ് പ്രകാരം വ്യവസായ നയം 2023 സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വ്യവസായ നയത്തിന്റെ തുടർച്ചയായി പ്രഖ്യാപിച്ച ഉപമേഖലാ നയങ്ങളും ചട്ടക്കൂടുകളും സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. നിക്ഷേപ നടപടികൾ ലളിതമാക്കുക, അനുമതി നടപടികൾ വേഗത്തിലാക്കുക, മേഖലാപരമായ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് നയ

പിന്തുണ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഉപമേഖലാ നയങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

**<u>സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി</u>**

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി 02-04-2022-ലെ GO. (MS) 31/2022/ID പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി നിലവിൽ വന്നിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിങ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഒരുക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം

നൽകുന്നതാണ്. ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്.

**കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്**

വ്യവസായ ആവശ്യത്തിനായുള്ള സ്ഥലത്തിന്റെ ലഭ്യതയിലുള്ള കുറവ് പരിഹരിക്കാനും വിദ്യാർഥി സമൂഹത്തിൽ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്നതിനായി കാമ്പസ് വ്യവസായ പാർക്ക് പദ്ധതി മാർഗ്ഗരേഖ 29-02-2024-ലെ സ.ഉ. (കൈ) നമ്പർ 16/2024/ID പ്രകാരം നിലവിൽ വന്നിട്ടുണ്ട്. കാമ്പസ് വ്യവസായ പാർക്കിലെ പൊതുസൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രെയിനേജ്, ETP/CETP,

laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഒരു എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെയോ അല്ലെങ്കിൽ Standard Design Factory (SDF) സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പെടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 1.5 കോടി രൂപ വരെയോ സർക്കാർ ധനസഹായം നൽകുന്നതാണ്.

**<u>ഗാല (റൂൾ ജി.ഒ. (ആർ.ടി) നം. 1058/2023/ ഐ.ഡി തീയതി 13-10-2023)</u>**

കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തിൽ വാണിജ്യ വകുപ്പിന് കീഴിലുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളുടെ അലോട്ട്മെന്റ് സുഗമമാക്കുന്നതിലേക്കായി 2023-ൽ പുതിയ ഗാല ( 13-10-2023-ലെ റൂൾ

ജി.ഒ. (ആർ.ടി) നം. 1058/2023/ ഐ.ഡി) നിലവിൽ വന്നു. ഈ പദ്ധതിയിൽ ധനസഹായം നൽകുന്നത് സംസ്ഥാന സർക്കാരാണ്.

**ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട്**

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ഡെവലപ്മെന്റ് ഏരിയ/ പ്ലോട്ടുകളിലെ 40 ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. സംരംഭകർക്ക് സഹായകരമായ സർക്കാർ പദ്ധതികൾ ചുവടെ ചേർക്കുന്നു.

**എ) ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം**

കേരളത്തിലെ ചെറുകിടവും ഇടത്തരവുമായ കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും തുടർച്ചയായ പ്രവർത്തനത്തിനുമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതിയിൽ മൂലധന ഗ്രാന്റ് (Capital Grant), പലിശ

സബ്സിഡി (Interest Subvention) എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

2020 മാർച്ചിൽ പ്രവർത്തനത്തിലുള്ളതും തുടർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ ഫാക്ടറികൾക്ക് സ്ഥിരാസ്ഥി മൂലധനത്തിനും സാങ്കേതിക നവീകരണത്തിനുമായി പരമാവധി 40 ലക്ഷം രൂപ വരെ മൂലധന ഗ്രാന്റ് അനുവദിക്കുന്നു. പൊതുവിഭാഗത്തിന് നിക്ഷേപത്തിന്റെ 40% വരെയും SC/ST/സ്ത്രീകൾ/യുവജനങ്ങൾ/ ഭിന്നശേഷിക്കാർക്ക് 50% വരെയും ആനുകൂല്യം ലഭിക്കും.

**ബി) <u>സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ് പദ്ധതി</u>**

കശുവണ്ടി മേഖലയിലെ നിലവിലെ പ്രതിസന്ധികൾ മറികടക്കുന്നതിനും സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതിയാണിത്. പദ്ധതി വഴി 50% വരെ മൂലധന ഗ്രാന്റ് അനുവദിക്കുന്നു.

സംസ്ഥാനത്ത് സംരംഭകത്വ പ്രോത്സാഹനത്തിനായി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ/പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. <u>സംരംഭക സഹായ പദ്ധതി (ESS)</u>**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉൽപാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

**2. <u>ഒരു കുടുംബം ഒരു സംരംഭം പദ്ധതി</u>**

ഉൽപാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം രൂപ വരെയുള്ള

വായ്പക്ക് പലിശയിളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4%-ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നു.

**3. <u>നാനോ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി</u>**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin Money Grant നല്കിക്കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്. ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും

ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എസ്.സി/എസ്.ടി/വനിതകൾ/വിമുക്ത ഭടന്മാർ/40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്.

**4. <u>നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി</u>**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് (scale

up) വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്. 100 കോടി വിറ്റുവരവുള്ള 1000 സംരംഭങ്ങൾ 3 വർഷം കൊണ്ട് സംസ്ഥാനത്ത് വരികയെന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.

ഉൽപാദന/സേവന മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്നതും കുറഞ്ഞത് 3 വർഷം പൂർത്തികരിച്ചതും SCALE UP MISSION-ൽനിന്നും വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കാണ് പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുള്ളത്. പദ്ധതി പ്രകാരം ഒരു യൂണിറ്റിന് പദ്ധതി നിബന്ധനകൾക്ക് വിധേയമായി രണ്ടുകോടി അമ്പത്തി ഒന്ന് ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. ഈ പദ്ധതി പ്രകാരം താഴെപറയുന്ന ആനുകൂല്യങ്ങളാണ് നൽകുന്നത്.

എ) വിപുലീകരണ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിനാവശ്യമായ ഫീസ് പൂർണ്ണമായും റീ ഇംബേഴ്സ് ആയി നൽകുന്നു. പരമാവധി ഒരു ലക്ഷം രൂപ വരെ ഇപ്രകാരം നൽകുന്നു.

ബി) പദ്ധതി പ്രകാരം, ഒരു യൂണിറ്റിന് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപ വരെ Fixed Capital Investment Subsidy-ആയി നൽകുന്നു.

സി) പ്രവർത്തന മൂലധന സഹായമായി ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ പലിശയിളവ് നൽകുന്നു.

**5. തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)**

2023-24 സാമ്പത്തിക വർഷം 31-3-2023-വരെ നിലവിലുണ്ടായിരുന്ന "തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരധിവാസവും പുനരുജ്ജീവനവും" , "പ്രവർത്തനരഹിതമായ യൂണിറ്റുകൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ പുനരധിവാസവും പുനരുജ്ജീവനവും" എന്നീ രണ്ട് പദ്ധതികൾ സംയോജിപ്പിച്ച് "തകർച്ച നേരിടുന്ന (Stressed) എം.എസ്.എം.ഇ-കൾ, പ്രവർത്തന രഹിതമായ എം.എസ്.എം.ഇ-കൾ/കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി" എന്ന പേരിൽ പുതിയ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs' with Stressed Asset, Defunct MSME Units and Cashew processing Units) പ്രകാരം തകർച്ച നേരിടുന്ന സംരംഭങ്ങൾ (MSMEs with Stressed

Asset) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 6 ലക്ഷം രൂപ വരെയും പ്രവർത്തന രഹിതമായ യൂണിറ്റുകൾ (Defunct MSMEs) പുനരുജ്ജീവിപ്പിക്കുന്നതിന് പരമാവധി 8 ലക്ഷം രൂപ വരെയും പദ്ധതി നിബന്ധനകൾക്ക് വിധേയമായി നൽകുന്നു.

കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതുമായി ബന്ധപ്പെട്ട് നിക്ഷേപകർക്കായി Invest Kerala Global Summit (IKGS) 2025 ഫെബ്രുവരിയിൽ എറണാകുളത്ത് സംഘടിപ്പിച്ചു. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെയും പ്രവർത്തനഫലമായും നിക്ഷേപക സംഗമത്തിൽ 449 സ്ഥാപനങ്ങളിൽനിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ രൂപ മൂലധനമുള്ള നിക്ഷേപ താൽപര്യപത്രങ്ങൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിൽ 3546 കോടി രൂപയിലധികം ആസ്തി വരുന്ന 109-ഓളം പദ്ധതികൾ

ഇതിനോടകം ശിലാസ്ഥാപനം നടത്തി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി [പി.എം.ഇ.ജി.പി]**

കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീം ആയ പി.എം.ഇ.ജി.പി കെ.വി.ഐ.സി, സ്റ്റേറ്റ്/യു.ടി ഖാദി & വി.ഐ ബോർഡുകൾവഴി ഗ്രാമീണ മേഖലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി ഗ്രാമ നഗര പ്രദേശങ്ങളിലും കെ.വി.ഐ.സി/കെ.വി.ഐ.ബി/ഡി.ഐ.സി എന്നിവയിലൂടെ നടപ്പിലാക്കുന്നു.

സംസ്ഥാനത്തെ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനം വാഗ്ദാനം ചെയ്യുന്ന നിലവിലെ സംരംഭക സൗഹൃദ അന്തരീക്ഷത്തെയും നയങ്ങളെയും കേന്ദ്രീകരിച്ച് 2023 മാർച്ച് 08-ന് അന്താരാഷ്ട്ര വനിതാ ദിനത്തിൽ തിരുവനന്തപുരത്ത് വനിതാ സംരംഭക സംഗമം സംഘടിപ്പിച്ചു.

വനിതാ സംരംഭകർ നേരിടുന്ന വെല്ലുവിളികൾ മറികടക്കാൻ സഹായിക്കുക, ജോലിയും ജീവിതവും തമ്മിലുള്ള സന്തുലിതാവസ്ഥ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 500-ലധികം വനിതാ സംരംഭകർ സംരംഭക സംഗമത്തിൽ പങ്കെടുത്തു.

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് തൃശ്ശൂരിൽ 2025 ഒക്ടോബർ 13-ന് "കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് 2025" സംഘടിപ്പിച്ചു. വിവിധ ജില്ലകളിൽനിന്നായി 1200-ഓളം വനിതാ സംരംഭകർ പങ്കെടുത്ത കോൺക്ലേവിൽ, ഒരു സംരംഭം തുടങ്ങാനാവശ്യമായ എല്ലാ സഹായങ്ങളും ഒരിടത്ത് ലഭിക്കുന്ന ഏകജാലക സംവിധാനമാണ് (Single Window System) ഏറ്റവും വലിയ ആകർഷണമായത്. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, UDYAM, KSWIFT, GST തുടങ്ങിയ സർക്കാർ ഹെൽപ് ഡെസ്കുകൾ, ഇ-

കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം സംരംഭകർക്ക് ഏറെ പ്രയോജനപ്പെട്ടു.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പ് 2023 ജനുവരി 21-ന് കൊച്ചിയിൽ സംരംഭക മഹാസംഗമം (സംരംഭക ഉച്ചകോടി) സംഘടിപ്പിച്ചു. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് സംരംഭങ്ങൾ സ്ഥാപിച്ച 8000-ത്തിലധികം പുതിയ സംരംഭകർ പങ്കെടുത്ത ഗ്രാൻഡ് കോൺക്ലേവിൽ ആകെ 10,000-ത്തിലധികം പേർ പങ്കെടുത്തു. കേരളത്തിലെ സംരംഭക സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്താനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിട്ടായിരുന്നു മഹാസംഗമം സംഘടിപ്പിച്ചത്. 2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ 10 മാസത്തിനുള്ളിൽ കേരളം 1,24,249 സംരംഭങ്ങൾ ആരംഭിച്ചത് സംസ്ഥാനത്തിന്റെ ദ്വിതീയ മേഖലയിലെ അഭൂതപൂർവമായ കുതിച്ചുചാട്ടത്തിന്റെ വ്യക്തമായ സൂചനയായിരുന്നു.

പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കാനും വിവിധ വകുപ്പുകളുടെ സേവനങ്ങളായ ഉദ്യം രജിസ്ട്രേഷൻ, കെ-സ്വിഫ്റ്റ്, ഗവൺമെന്റ് ഇ-മാർക്കറ്റ് പോർട്ടൽ രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ നൽകുന്ന ഡിപ്പാർട്ട്മെന്റ് സ്റ്റാളുകൾക്കൊപ്പം വിവിധ ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇന്ത്യാ ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾ, ഗവേഷണ വികസന സ്ഥാപനങ്ങൾ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ തുടങ്ങിയവയുടെ 75-ഓളം സ്റ്റാളുകളായിരുന്നു പരിപാടിയുടെ ഭാഗമായി നടന്ന പ്രദർശനത്തിൽ ഒരുക്കിയത്.

(ബി) പ്രശ്നങ്ങൾ നേരിടുന്ന സംരംഭങ്ങളെ കണ്ടെത്താനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനായി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ചിരിക്കുന്ന നൂതനാശയമാണ് എം.എസ്.എം.ഇ ക്ലിനിക്കുകൾ. സംരംഭവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും മറുപടി

നൽകുന്നതിനായി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ സംരംഭകർക്കും ഓരോ മേഖലയിലെയും (നിയമം, മാർക്കറ്റിങ്, ഡി.പി.ആർ തയ്യാറാക്കൽ, കയറ്റുമതി, ജി.എസ്.ടി, സാങ്കേതികവിദ്യ, ലൈസൻസുകൾ, ബാങ്കിങ് etc.) എംപാനൽ ചെയ്ത വിദഗ്ധരുമായി ആശയവിനിമയം നടത്താനും സംരംഭകത്വവുമായി ബന്ധപ്പെട്ട അവരുടെ സംശയങ്ങൾ പരിഹരിക്കാനും ക്ലിനിക്കുകൾ സഹായകരമാകുന്നുണ്ട്.

(സി) 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തിവരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽപ്പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻവേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും അതിനുമുൻപ് മുതൽക്കേ പ്രവർത്തിച്ചുപോരുന്ന

സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭകസഭ" എന്ന പേരിൽ 2024-2025 സാമ്പത്തിക വർഷം നടത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി ബാംബൂ ഫെസ്റ്റ്, കാഷ്യൂ കോൺക്ലേവ്, കയർ കോൺക്ലേവ് എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവന്ന സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 3,53,127 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി 22688.47 കോടി രൂപയുടെ നിക്ഷേപവും 7,49,712 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

സംരംഭക മേഖലയിൽ സർക്കാർ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാന ജില്ലാ താലൂക്ക് തലങ്ങളിൽ സംരംഭക മേഖലയിലെ പുരോഗതി വിലയിരുത്താറുണ്ട്.

കേരളത്തെ വ്യവസായ സഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതുമായി ബന്ധപ്പെട്ട് നിക്ഷേപകർക്കായി Invest Kerala Global Summit (IKGS) 2025 ഫെബ്രുവരിയിൽ എറണാകുളത്ത് സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിൽ 449 സ്ഥാപനങ്ങളിൽനിന്നായി 1,80,000 കോടിയിലേറെ രൂപ മൂലധനം വരുന്ന നിക്ഷേപ താൽപര്യപത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇവ സമയബന്ധിതമായി യഥാർത്ഥ നിക്ഷേപമാക്കി മാറ്റുകയെന്നതിലാണ് സർക്കാർ അടിയന്തര ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി നിക്ഷേപ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യ പത്രങ്ങളെ തരംതിരിച്ച് DIC, KSIDC, KINFRA എന്നീ ഏജൻസികളിലൂടെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 100 കോടി രൂപ വരെ നിക്ഷേപമുള്ള സ്ഥാപനങ്ങളുടെ പുരോഗതി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിലാണ് വിലയിരുത്തുന്നത്. 100 കോടിയും അതിനുമുകളിലും നിക്ഷേപമുള്ള താല്പര്യ പത്രങ്ങളുടെ നോഡൽ ഏജൻസിയായി KSIDC ആണ് പ്രവർത്തിക്കുന്നത്.

വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു. ഇതിനായി പ്രത്യേക നോഡൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്.

2026 ജനുവരി 19 മുതൽ 23 വരെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ ബഹു.നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള കേരളസംഘം അമേരിക്ക, യു.കെ, ജർമ്മനി, സ്പെയിൻ, ഇറ്റലി, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽനിന്നുള്ള 67 കമ്പനികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവയിൽ 27 കമ്പനികളുമായി ധാരണാപത്രം ഒപ്പിടുകയും ചെയ്തു. മെഡിക്കൽ വ്യവസായം, റിന്യൂവൽ എനർജി, ഡാറ്റാ സെന്റർ, എമർജിങ് ടെക്നോളജി എന്നീ മേഖലകളിലായി വിവിധ കമ്പനികൾ 1.15 ലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനാണ് ധാരണയായിട്ടുള്ളത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വ്യവസായ രംഗത്ത് അഭിമാനകരമായ കുതിപ്പിന്റെ ഒരു കാലഘട്ടമാണ്. കേരളത്തിലെ ഗവൺമെന്റ് എല്ലാ മേഖലകളിലും അഭിമാനകരമായ നേട്ടമാണ്. പക്ഷേ ചിലർക്ക് അത് സഹിക്കുന്നില്ല. ഫ്യൂഡൽ മനോഭാവവും മാടമ്പിത്തരവും കൈയിൽവച്ചുകൊണ്ട്.... (ബഹളം..) കേരളത്തിന്റെ വ്യവസായരംഗത്ത്...

മി. സ്പീക്കർ: യെസ്. ചോദ്യത്തിലേക്ക് വരൂ..

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ പറയാൻ വന്നത്, പറയേണ്ടത് പറയാതെ പോകില്ല.

മി. സ്പീക്കർ: അങ്ങനെ പെരുമാറിയാൽ ചോദ്യത്തിന്റെ സമയം നഷ്ടമാകും. അത്രയേ ഉള്ളൂ. പറയാതെ പോകില്ല.. അങ്ങനെയോണോ സംസാരിക്കേണ്ടത്?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയ്ക്കുനേരെ നടത്തിയ അധിക്ഷേപത്തെ സംബന്ധിച്ച് ഒരുവാക്ക് പറയാതെ പോകാൻ കഴിയില്ല. അതുകൊണ്ടാണ്. (ബഹളം..)

മി. സ്പീക്കർ: അത് ചോദ്യത്തിലല്ല പറയേണ്ടത്. (ബഹളം..) യെസ് മിനിസ്റ്റർ,

ശ്രീ. പി. രാജീവ്: സർ, ചോദ്യം വന്നില്ല.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, (ബഹളം..) വഴങ്ങില്ല സർ, വേറെ പരിപാടി നോക്ക്.... എന്റെ ചോദ്യം, അടുത്തിടെ നമ്മുടെ സംസ്ഥാനം പങ്കെടുത്ത വേൾഡ് ഇക്കണോമിക് ഫോറത്തിൽ സംസ്ഥാനത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം ലോകത്തിന് പരിചയപ്പെടുത്തിയതുവഴി സംസ്ഥാനത്തെ വ്യവസായ മേഖലയുടെ വളർച്ചയിലേക്ക് എന്തൊക്കെ സംഭാവനകളാണ് ലഭ്യമായതെന്നത് സംബന്ധിച്ച് വിശദീകരിക്കാമോ?

<u>മി. സ്പീക്കർ</u>: ചോദ്യകർത്താവിന് ചെയറിനോട് കുറച്ച് പൊളൈറ്റ്നസ് ആകാം.

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രസക്തമാണ്. ലോക സാമ്പത്തിക ഫോറത്തിൽ കഴിഞ്ഞ തവണയാണ് നമ്മുടെ ഔദ്യോഗിക ഡെലിഗേഷൻ പങ്കെടുക്കുന്നത്. അതുവഴി അവിടെ നടക്കുന്ന സംവിധാനത്തിൽ നാം കാണുന്നത് നെറ്റ് വർക്കിങ് അതായത് എല്ലാവരെയും കാണാൻ കഴിയുന്ന ഒരു സിംഗിൾ പോയിന്റ് എന്ന നിലയിലാണ് ദാവോസിൽ നമ്മൾ പങ്കെടുത്തത്. ഇത്തവണ നമ്മൾ EOE (Easy Open End), MoU (Memorandum of Understanding), LoE (Level of Effort) എന്നിവയിലൊന്നും കേന്ദ്രീകരിക്കുകയില്ലെന്ന് കഴിഞ്ഞ തവണ പോകുമ്പോൾത്തന്നെ വ്യക്തമാക്കിയിരുന്നു, കാരണം തിരിച്ചുവരുമ്പോൾ കേരളമായതുകൊണ്ട് ആദ്യം ചോദിക്കുന്നത് എത്ര MoU-യിൽ ഒപ്പുവച്ചുവെന്നാണ്. ഒരു മാളിലോ സൂപ്പർമാർക്കറ്റിലോ പോയി 10 MoU, 2 LoE, 3 EOE എടുക്കുവെന്ന് പറയുന്നതുപോലെയല്ല. നമുക്ക് കേരളത്തെ

ഒന്നുകൂടി വിസിബിളാക്കണം, കേരളത്തിന്റെ പൊട്ടൻഷ്യൽ ലോകത്തിനുമുമ്പിൽ അവതരിപ്പിക്കണം എന്നതായിരുന്നു കഴിഞ്ഞ വർഷത്തെ ആനുവൽ കോൺഫറൻസിൽ നമ്മൾ പങ്കെടുത്തപ്പോഴുള്ള പ്രധാന ഉദ്ദേശ്യം. അതോടൊപ്പം തൊട്ടുപിറകെ വരുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലേക്ക് അവിടെനിന്നും പരമാവധി ഇൻവസ്റ്റേഴ്സിനെ ഇങ്ങോട്ടുകൊണ്ടുവരികയെന്നതുമായിരുന്നു. കഴിഞ്ഞ വർഷം നമ്മൾ പങ്കെടുത്തപ്പോഴുണ്ടായിരുന്ന ഈ രണ്ട് ഉദ്ദേശ്യങ്ങളിൽ നമുക്ക് നന്നായി വിജയിക്കാൻ സാധിച്ചു. കേരളം കുറേക്കൂടി വിസിബിളായി. ഈ വർഷം എന്നെക്കൂടാതെ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (ഇൻഡസ്ട്രീസ്), KSIDC- മാനേജിംങ് ഡയറക്ടർ, ജനറൽ മാനേജർ എന്നിവരാണ് പങ്കെടുത്തത്. ഇത്തവണ പ്രധാനമായും EOE-യുമായി ബന്ധപ്പെട്ട കുറച്ച് ശ്രമങ്ങളാണ് നടത്തിയത്. ഇന്ത്യ പവലിയൻ എന്ന പൊതുസംവിധാനമുണ്ട്, കഴിഞ്ഞവർഷം അതിൽ ഒരു മുറിയാണുണ്ടായിരുന്നത്, 10 കോടി രൂപയാണ് അതിനായി ഇന്ത്യ ഗവൺമെന്റിന് കൊടുക്കേണ്ടത്. കഴിഞ്ഞ തവണ ഈ തുക

നെഗോഷ്യേറ്റ് ചെയ്ത് 7.5 കോടി രൂപയ്ക്ക് അവസാനിപ്പിച്ചു. ഇത്തവണ 10 കോടി രൂപ ആദ്യം നൽകിയതിനുശേഷമാണ് നമുക്ക് ചെറിയ ഒരു സന്ദർഭം അവിടെ നൽകിയത്. എന്നാൽ കഴിഞ്ഞ തവണത്തെ അനുഭവമെന്നത്, നമ്മൾ ഈ ഡിസ്കഷൻ അവിടെ നടത്തിക്കൊണ്ടിരിക്കുമ്പോൾത്തന്നെ പുറത്തിറങ്ങുന്ന ഇൻവെസ്റ്റേഴ്സിനെ അപ്പുറത്തുമിപ്പുറത്തുമുള്ള സ്റ്റേറ്റിന്റെ ആളുകൾ അങ്ങോട്ടും വിളിക്കും. നമ്മൾ അവരോട് നിങ്ങൾ 10 ശതമാനം ലീസ് ആദ്യം നൽകിയാൽ മതിയെന്ന് പറയുമ്പോഴായിരിക്കും അടുത്ത സ്റ്റേറ്റുകാർ അവരോട് 1 രൂപയ്ക്ക് ആവശ്യത്തിന് സ്ഥലം നൽകാമെന്ന് പറയുന്നത്. അതുകൊണ്ട് ഇപ്രാവശ്യം ഔദ്യോഗികമായി ഒരു മുറി അവിടെ നിലനിർത്തി. ആന്ധ്രാപ്രദേശൊക്കെ ഒരു ഹോട്ടലിന്റെ ഫ്ലോർ മുഴുവനുമെടുത്തിരിക്കുകയാണ്. നമ്മൾ പ്രത്യേകമായി മറ്റൊരു പവലിയൻകൂടി നടത്തിയിരുന്നു. നല്ല രീതിയിൽ നമുക്ക് EOE-യിലേക്ക് എത്തിക്കാൻ സാധിച്ചിരുന്നു. ഏകദേശം 14 ബില്യൺ യു.എസ്. ഡോളറിന്റെ (118000 കോടി രൂപ) താൽപര്യപത്രങ്ങളിൽ ഒപ്പുവെയ്ക്കാൻ കഴിഞ്ഞുവെന്നുള്ളതിൽ നമുക്ക് എല്ലാവർക്കും അഭിമാനിക്കാവുന്നതാണ്.

അതിൽ പ്രധാനപ്പെട്ട ഒന്ന് ANSR ആണ്. എല്ലാവർക്കും സൈറ്റ് പരിശോധിച്ചാൽ അറിയാൻ കഴിയുന്നതാണ്, അവർ ലോകത്തിലെ ഏറ്റവും വലിയ GCC (Global Capability Centers) നിർമ്മാതാക്കളാണ്. അവർ 250-ഓളം GCC-കൾ ലോകത്താകെ നിർമ്മിച്ചിട്ടുണ്ട്, 500 ഫോർച്യൂൺ കമ്പനികൾ അവരുടെ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അവരുടെ രണ്ട് ഗ്ലോബൽ സിറ്റികളിൽ ഒന്ന് തിരുവനന്തപുരത്തും മറ്റൊന്ന് കൊച്ചിയിലും അടുത്ത ഘട്ടമായി കോഴിക്കോട്ടും നിർമ്മിക്കുന്നതിനുള്ള താൽപര്യപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. നമ്മുടെ ചെറുപ്പക്കാർക്ക് ഇവിടെത്തന്നെ ജോലി ലഭിക്കുന്നതിന് അത് സഹായകരമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെയാണ് ഡാറ്റാ സെന്ററിൽ Sify Technologies 1000 കോടി രൂപയുടെ ഒപ്പുവച്ചത്. Kaynes International എന്ന Switzerland കമ്പനി 2500 കോടി രൂപയ്ക്കാണ് എയറോസ്പേസ് എനർജിയുടെ കാര്യത്തിനായി ഒപ്പുവച്ചിട്ടുള്ളത്. Ramky Infrastructure Limited 6000 കോടിയുടെ ഇക്കോ ടൗൺ വികസനം, സംയോജിത വ്യവസായ പാർക്കുകൾക്കുവേണ്ടി 6000

കോടി രൂപയുടെ ഒപ്പുവയ്ക്കുമ്പോൾ 60000 കോടിയുടെ indirect investment വരാമെന്നുള്ള ധാരണയുമെത്തിയിട്ടുണ്ട്. Recess Renaibilty 1000 കോടി രൂപ എന്നിങ്ങനെ എല്ലാ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ മീഡിയ മുഖേന നൽകിയിട്ടുണ്ട്. 3 ദിവസത്തേയ്ക്കായി 19-ാം തീയതി വൈകിട്ടാണ് ഞങ്ങൾ അവിടെയെത്തുകയും 22-ന് വൈകിട്ട് ഞാനും അഡീഷണൽ ചീഫ് സെക്രട്ടറിയും തിരികെപോരുകയും ചെയ്തു. ഞങ്ങൾ 3 ദിവസംകൊണ്ട് 67 കമ്പനികളുമായി ചർച്ച നടത്തി. പൂർണമായും വിജയകരമായ ഒരു സംവിധാനമായിരുന്നു. ഇതിന്റെ തുടർനടപടിയും നമുക്ക് സ്വീകരിക്കാൻ കഴിയും. തിരിച്ച് 4 മണിക്ക് കൊച്ചിയിൽ വന്നിറങ്ങിയ ഞങ്ങൾ അന്നുതന്നെ 10 മണിക്ക് AGAPE-യുടെ മുപ്പതാം വാർഷികത്തിന്റെ ഭാഗമായി നടത്തിയ പരിപാടി ലോകത്തിലെ പ്രധാനപ്പെട്ട 42 മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ് കമ്പനികളുമായി ചർച്ച നടത്തുകയുണ്ടായി. ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ അമേരിക്കൻ മെഡിക്കൽ ഡിവൈസ് കമ്പനിയും ജപ്പാനിലെ ഒന്നാമത്തെയും രണ്ടാമത്തെയും കമ്പനിയുൾപ്പെടെ 22 കമ്പനികൾ

ഇതിന്റെ ഭാഗമല്ലെങ്കിലും ഇതിന്റെ തുടർച്ചയിൽ കേരളത്തിൽ നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചതുവഴി നമ്മുടെ സംസ്ഥാനത്ത് പുതുതായി കൊണ്ടുവരാൻ കഴിഞ്ഞ വൻകിട നിക്ഷേപങ്ങളെന്തൊക്കെയെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിന്റെ പൊതുവായ ചിത്രത്തിൽ നല്ല മാറ്റം നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇൻവസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് അതിന്റെ നല്ല പ്രതിഫലനമായിരുന്നു. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ മുമ്പ് നമ്മൾ 28-ാം സ്ഥാനത്തായിരുന്നു. 28-ൽ എത്തുമ്പോഴും യഥാർത്ഥത്തിൽ നമ്മൾ ഒരു 15-നുള്ളിൽ എത്തേണ്ടതായിരുന്നു. എന്തുകൊണ്ട് നമ്മൾ 28-ൽ എത്തി എന്ന പരിശോധന നടത്തിയിട്ട് യൂണിയൻ ഗവൺമെന്റിന് അന്നുതന്നെ കത്ത്

അയയ്ക്കുകയും ചെയ്തിരുന്നു. ഈസ് ഓഫ് ഡൂയിങ് ബിസിനസ് അല്ലെങ്കിൽ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ നൂറ് ശതമാനം ഫീഡ് ബാക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് റാങ്കിങ് നിശ്ചയിക്കുന്നത്. നമ്മൾ 90 ശതമാനം റിഫോംസ് നടപ്പിലാക്കിയാൽ നിങ്ങൾ എലിജിബിളായിരിക്കും. പക്ഷേ റാങ്കിങ്ങ് ഫീഡ് ബാക്കിനെ അടിസ്ഥാനപ്പെടുത്തിയാണ്. 100 ശതമാനം എന്നത് ഒഴിവാക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടെങ്കിലും അത് പൊതുവെ അംഗീകരിക്കപ്പെട്ടിരുന്നില്ല. 100 ശതമാനം ഫീഡ് ബാക്ക് വച്ചാണ് 2022-ലെ റാങ്കിങ്ങിൽ നമുക്ക് ഇന്ത്യയിൽത്തന്നെ ഒന്നാം സ്ഥാനത്തേക്ക് എത്താൻ സാധിച്ചത്. അതിൽ പല സംശയങ്ങളും പലരും പ്രകടിപ്പിച്ചുവെങ്കിലും ഇപ്പോൾ ആ സംശയങ്ങളെല്ലാം മാറിക്കഴിഞ്ഞു. ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ 2015 മുതൽ അതേ പ്ലാൻ തന്നെയാണ്, അതിൽ നമുക്ക് ഒന്നാമതെത്താൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. എന്നാൽ അതിനേക്കാൾ അഭിമാനകരമായത് ഒടുവിലത്തെ റാങ്കിങ്ങിൽ തുടർച്ചയായി ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തിന് മാറാൻ

കഴിഞ്ഞുവെന്നതാണ്. അതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം. അതിന്റെ ഭാഗമായി ഇൻവെസ്റ്റേഴ്സ് ഇങ്ങോട്ട് വരുന്നു. മട്ടന്നൂരിൽ 500 ഏക്കറിൽ ഒരു വലിയ സംവിധാനം തുടങ്ങുന്നതിനുള്ള ചർച്ചകൾ ഇന്നലെ ഇൻവെസ്റ്റേഴ്സുമായി നടത്തി. വിശദാംശങ്ങളിലേക്ക് ഇപ്പോൾ പോകുന്നില്ല. നമ്മുടെ ഒരു പ്രശ്നമെന്താണെന്നുവച്ചാൽ മറ്റെല്ലാ രാജ്യങ്ങളും ഗൾഫിൽപ്പോയി EOE ഒപ്പുവച്ചുവെങ്കിലും പ്രധാനപ്പെട്ട മേഖലകൾ പറഞ്ഞാലും അവർ ആരൊക്കെയെന്ന് പ്രസിദ്ധപ്പെടുത്തുകയില്ല. എന്നാൽ നിങ്ങൾ എന്തിനുപോയി, എവിടെപോയി, കിട്ടിയോ എന്നുള്ള ഇവിടത്തെ ഒരവസ്ഥ കാരണം അപ്പോൾത്തന്നെ പ്രസിദ്ധപ്പെടുത്തും. അങ്ങനെ ചെയ്യുമ്പോഴുള്ള അപകടം അറിയാമെങ്കിലും വളരെ കോമ്പറ്റീഷനുള്ളതിനാൽ പ്രസിദ്ധപ്പെടുത്തുന്ന ആളുകളെ നിങ്ങൾക്ക് അവിടെ തുടങ്ങിക്കൂടെയെന്നും എന്തിനാണ് കേരളത്തിൽ വരുന്നതെന്നും ചോദിച്ച് മറ്റ് സംസ്ഥാനങ്ങൾ സമീപിക്കുന്നുണ്ട്. ഇവിടെ തുടങ്ങാൻ നിശ്ചയിച്ച ആളുകളെത്തന്നെ ചിലർ പോയി ഉപദേശിക്കുന്നതായും നമ്മുടെ സുഹൃത്തുക്കളായ ചില എം.എൽ.എ.-മാർ സൂചിപ്പിക്കുകയുണ്ടായി.

ഇതെല്ലാം മറികടന്നുകൊണ്ട് നമുക്ക് മുന്നേറാൻ കഴിഞ്ഞു. പ്രധാനപ്പെട്ട കമ്പനികളായ, ഇലക്ട്രോണിക്സ് രംഗത്തെ ലോകപ്രശസ്തമായ Kaynes Technologies 3600 കോടി രൂപയുടെ സെമി കണ്ടക്ടർ പ്ലാന്റ് ഇപ്പോൾ ഗുജറാത്തിൽ പൂർത്തീകരിക്കുന്നത്. അവർ 600 കോടി രൂപയുടെ ഫ്ലക്സിബിൾ പി.സി.ബി പ്ലാന്റ് പെരുമ്പാവൂരാണ് ആരംഭിക്കാൻ പോകുന്നത്. ഫെബ്രുവരി മാസത്തിൽ ഇതിന് ശിലാസ്ഥാപനം നടത്താനുള്ള തീരുമാനമായിട്ടുണ്ട്. അദാനി ലോജിസ്റ്റിക്സിന്റെ 70 ഏക്കറിലുള്ള 600 കോടിയുടെ നിർമ്മാണത്തിന് ശിലാസ്ഥാപനം നടത്തുകയും നിർമ്മാണം അതിവേഗത്തിൽ നടക്കുകയുമാണ്. കഴിഞ്ഞ ദിവസം ഞാൻ അവിടം സന്ദർശിച്ചിരുന്നു, അതിന്റെ ആദ്യ ഭാഗം പൂർത്തീകരിച്ചിരുന്നു. Avigna, NDR Space, Arch Global എന്നീ കമ്പനികളുടെ പൂർത്തീകരണം കഴിഞ്ഞു, Accenture-ന്റെ പ്രവർത്തനം തുടങ്ങുകയും HCL Technologies കൊച്ചിയിലും ഇപ്പോൾ തിരുവനന്തപുരത്തും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കോവാക്സിൻ ഉണ്ടാക്കുന്ന ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട കമ്പനിയായ Bharat BioTech അവരുടെ പുതിയ

സംവിധാനത്തിനായി അങ്കമാലിയിൽ ശിലാസ്ഥാപനം നടത്താൻ ഞാനും ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോണും അതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഇവിടേയ്ക്കുള്ള എല്ലാ അനുമതികളും 7 ദിവസംകൊണ്ട് ലഭിച്ചു. ഞാൻ ഇവിടെ ഇത് തുടങ്ങാൻ പോകുന്നുവെന്ന് അറിഞ്ഞപ്പോൾ ഹൈദരാബാദിലും ദുബായിലും ചെന്ന് ചില മലയാളികൾ അയ്യോ എന്തിനാണ് ഈ അപകടത്തിലേക്ക് എടുത്തുചാടുന്നതെന്ന് ചോദിച്ച കാര്യം ടി ശിലാസ്ഥാപനം നടത്തിയ അവസരത്തിൽ വേദിയിൽവച്ചുതന്നെ പത്മഭൂഷൺ ഡോ. കൃഷ്ണ എല്ല എന്നോട് പറയുകയുണ്ടായി. എന്തായാലും നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയാണ്. World Trade Centre കോഴിക്കോട് ഇപ്പോൾ അവരുടെ കരാർ ഒപ്പുവച്ചിട്ടുണ്ട്. TCS Innovation Park 37 ഏക്കറിലെ ശിലാസ്ഥാപനം നടത്താൻ പോകുകയാണ്. Kongsberg-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും പ്രശസ്തമായ ലോജിസ്റ്റിക്സ് കമ്പനിയായ Panatoni 25 ഏക്കറിലെ പ്രവർത്തനങ്ങൾക്കുള്ള MoU ഒപ്പുവച്ചുകഴിഞ്ഞു. ജർമ്മൻ കമ്പനിയായ Adesso Group പ്രവർത്തനം

തുടങ്ങുന്നു. യു. കെ. കമ്പനിയായ BT Pierian രണ്ട് കാമ്പസുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. അമേരിക്കൻ കമ്പനിയായ Caspian Technologies പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ജർമ്മൻ കമ്പനിയായ dSpace തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. ജപ്പാൻ കമ്പനിയായ Fujirebio, Agappe-യുമായി ചേർന്നുള്ള joint Venture-ന്റെ ശിലാസ്ഥാപനം കാക്കനാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുകയുണ്ടായി. Grand Thornton, GR& Affinity, Honeywell എന്നിവ അമേരിക്കൻ കമ്പനികളാണ്. അമേരിക്കൻ കമ്പനിയായ IBM 100 പേർ എന്ന് പറഞ്ഞ സ്ഥാനത്ത് സ്ഥാനത്ത് 3000 പേർ ജോലി ചെയ്യുന്ന സ്ഥാപനമായി കാമ്പസ് വികസിപ്പിച്ചുകഴിഞ്ഞു. Switzerland കമ്പനിയായ Mediterranean Shipping Company-യുടെ കാമ്പസ് തുടങ്ങി. USA കമ്പനികളായ NOV-യും Strada Global ലും അവരുടെ കാമ്പസ് ആരംഭിച്ചുകഴിഞ്ഞു. France കമ്പനിയായ TNP-യും Ireland കമ്പനിയായ Trasna Technologies-ഉം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. USA കമ്പനിയായ Vensure, അങ്ങനെ പ്രധാനപ്പെട്ട കമ്പനികളുടെ

പ്രവർത്തനം തുടങ്ങുന്ന ഒരു നാടായി കേരളം മാറിയെന്നുള്ളതിൽ എല്ലാ മലയാളികൾക്കും അഭിമാനിക്കാം.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. വി. സുമേഷ്): സർ, കേരളത്തിലെ വ്യവസായ അന്തരീക്ഷത്തിൽ കാതലായ ഒരു പരിവർത്തനമുണ്ടാക്കാൻ അങ്ങയുടെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങൾക്ക് കഴിഞ്ഞു. അതിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കേരളത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഭാവികേരളത്തിന്റെ വളർച്ചകൂടി കണക്കിലെടുത്തുകൊണ്ട് വ്യാവസായിക മേഖലയിൽ മുന്നോട്ടുവയ്ക്കുന്ന നയം എന്താണ്; പുതിയ ആശയങ്ങളും പദ്ധതികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, 75-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി വ്യവസായ മേഖലയിലെ മുന്നേറ്റത്തിന് ആവശ്യമായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ വ്യവസായ മേഖലയിലെ വളർച്ച ഏറ്റവും പ്രധാനപ്പെട്ടതാണ്. കേരള മാതൃകയുടെ സവിശേഷത

നമുക്കെല്ലാവർക്കും അറിയാം. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലെ മികവും ക്ഷേമപ്രവർത്തനങ്ങളിലുള്ള മുന്നേറ്റവുമാണ്. എന്നാൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് ഉൾപ്പെടെയുള്ളവർ നേരത്തെ ചൂണ്ടിക്കാട്ടിയിട്ടുള്ളത് ഉൽപാദനമേഖലയിലെ മുരടിപ്പും പശ്ചാത്തലസൗകര്യ മേഖലയിലെ പിന്നോട്ടടിയും മറികടന്നില്ലെങ്കിൽ ഈ നേട്ടങ്ങൾ നിലനിർത്താൻ പോലും കഴിയാത്ത സാഹചര്യം വരുമെന്നാണ്. കഴിഞ്ഞ പത്തുവർഷത്തെ ഈ സർക്കാരിന്റെ പ്രവർത്തനത്തിന്റെ പ്രധാന കേന്ദ്രീകരണം കേരള മാതൃകയുടെ നേട്ടങ്ങളെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുകയും കേരള മാതൃകയുടെ ദൗർബല്യമായി കണ്ട പശ്ചാത്തലസൗകര്യ വികസനത്തിന്റെ കുറവും ഉൽപാദനമേഖലയിലെ മുരടിപ്പും ഇവ രണ്ടും മറികടക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുക എന്നതായിരുന്നു. അതിൽ കേരളത്തിന് വിജയിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ പത്തുവർഷം കേരളം നേടിയിട്ടുള്ള മാറ്റം നേരിട്ട് പ്രതിഫലിപ്പിക്കുന്നത്. അതിന്റെ തുടർച്ചയായി 75-ാം വാർഷികത്തിന്റെ

ഭാഗമായിവരുന്ന പദ്ധതികളിൽ ഒന്നാണ് Vizhinjam Outer Area Growth Corridor പദ്ധതി. വിഴിഞ്ഞം തുറമുഖം വന്നതിനുശേഷമുള്ള വ്യാവസായികമായിട്ടുള്ള സാധ്യതകളെ പൂർണ്ണമായി വിനിയോഗിക്കാനുള്ള പദ്ധതി കഴിഞ്ഞ ബജറ്റിൽതന്നെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. അതിന്റെ തുടർപ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. ഗ്ലോബൽ സിറ്റി പദ്ധതി നമ്മുടെ പ്രധാനപ്പെട്ട പദ്ധതിയാണെങ്കിലും കേന്ദ്രം അതിന് അനുമതി നൽകിയില്ല. അവരുടെ പദ്ധതിയുടെ ഭാഗമായിത്തന്നെയാണ് അതിന് തുടക്കമിട്ടതെങ്കിലും നിലവിൽ അതിന്റെ സ്റ്റാറ്റസ് എങ്കിലും നൽകണമെന്ന ആവശ്യമാണ് നമ്മൾ മുന്നോട്ടുവച്ചിട്ടുള്ളത്. കോട്ടയത്ത് ഒരു മെഗാ ഇൻഡസ്ട്രിയൽ സിറ്റി ഗ്ലോബൽ സിറ്റി പദ്ധതിയുടെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നുണ്ട്. കണ്ണൂർ-കാസർഗോഡ് വ്യവസായ ഇടനാഴി, 2000 ഏക്കർ സ്ഥലത്തുള്ള പദ്ധതിയാണ് മുന്നോട്ടുവയ്ക്കുന്നത്. കൂടാതെ ബയോടെക് ലൈഫ് സയൻസ് സിറ്റി, എയറോ-ഡിഫൻസ് ഇൻഡസ്ട്രിയൽ ക്ലസ്റ്റർ, ഇലക്ട്രോണിക്സ് പവർ ഇലക്ട്രോണിക്സ് ക്യാമ്പസ്, സ്പോർട്സ് ഉപകരണ

നിർമ്മാണം, ഇത് പുതിയ തീം ബേസ്ഡ് ആയിട്ടുള്ള പാർക്കുകൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഫുഡ് പ്രോസസ്സിങ് ആൻഡ് ട്രെഡീഷണൽ ഇൻഡസ്ട്രീസ്, മെഗാ ഫുഡ് പ്രോസസ്സിങ് പാർക്ക്. അതിൽ രണ്ടെണ്ണം നിലവിൽ ആരംഭിച്ചുകഴിഞ്ഞു. സീ ഫുഡിന്റെ പ്രധാനപ്പെട്ട പ്രോസസ്സിങ് പാർക്ക്, സ്പൈസ് പ്രോസസ്സിങ്ങിന്റെ പാർക്ക്, നാളികേര ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട കുറ്റ്യാടിയിലെ ഇൻഡസ്ട്രിയൽ പാർക്ക് പൂർത്തീകരിക്കാനുള്ള ശ്രമം, കയർ നാച്ചുറൽ ഫൈബർ ക്ലസ്റ്റർ, സർക്കുലർ ഇക്കോണമി ആൻഡ് റീസൈക്ലിങ് പാർക്ക് എന്നിങ്ങനെ തീം ബേസ്ഡ് ആയിട്ടുള്ള മറ്റ് പാർക്കുകളും ഈ കാഴ്ചപ്പാടിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റിൽ വെർട്ടിക്കൽ ഇന്നവേഷൻ അതായത് ബഹുനില വ്യവസായ സമുച്ചയങ്ങൾ എന്ന ആശയത്തിന് സ്ഥലത്തിന്റെ പരിമിതികൂടി കണക്കിലെടുത്തുകൊണ്ട് ലംബമായിട്ടുള്ള അഥവാ വെർട്ടിക്കലായിട്ടുള്ള ഇന്നവേഷൻ ബഹുനില വ്യവസായ സമുച്ചയങ്ങൾ ഇതിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നു. മറ്റൊന്ന്, വിമാനത്താവള അധിഷ്ഠിത വികസനമാണ്.

ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട്, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട്, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട്, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് എന്നിവയുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. 25 സെക്ടർ-സ്പെസിഫിക് പാർക്കുകൾ മുൻഗണനാ മേഖലകൾക്കുവേണ്ടി കിൻഫ്രാ സ്ഥാപിക്കുമെന്നുള്ളത് മുന്നോട്ടുവയ്ക്കുന്നുണ്ട്. കേരളത്തിന്റെ ഒരു പ്രത്യേകത കേരളത്തിലുള്ള എം.എസ്.എം.ഇ.-കൾ മൊത്തമെടുത്താൽ അതിനകത്ത് ഏകദേശം 40 ശതമാനം വനിതാ സംരംഭകരാണ്. അത് കേരളത്തിന് അഭിമാനിക്കാവുന്ന ഇന്ത്യയിൽ ഒരിടത്തുമില്ലാത്ത വനിതാ പങ്കാളിത്തമാണ്. അതുകൊണ്ട് വനിതാ സംരംഭകത്വ പാർക്ക് ആരംഭിക്കണമെന്ന തീരുമാനമെടുത്തിട്ടുണ്ട്. സഹകരണ-വ്യവസായ പാർക്കുകൾ സഹകരണവകുപ്പുമായി ചേർന്ന് വികസിപ്പിക്കാനുള്ള പദ്ധതിയുണ്ട്. കൂടാതെ, ഭാവിയിലെ വ്യവസായ ആവശ്യങ്ങൾക്കായി യുവാക്കളെ സജ്ജമാക്കാൻ പി.പി.പി മോഡലിൽ ഒരു സ്കിൽ ഡെവലപ്മെന്റ് യൂണിവേഴ്സിറ്റി ഈ

കാഴ്ചപ്പാടിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നു. 200 ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (GCC) കേരളത്തിൽ ആരംഭിക്കാനുള്ള പൊട്ടൻഷ്യലുണ്ട്. അതിൽ മൂന്നെണ്ണം ഒപ്പുവച്ചു. 44 എണ്ണം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് സഹായകരമായ ഒരു പദ്ധതിയായിട്ട് കാണുന്നത്. പ്രത്യേക ടൗൺഷിപ്പുകൾക്കുള്ള ഇൻഡസ്ട്രിയൽ ടൗൺഷിപ്പിന് നിലവിൽ നിയമമുണ്ടെങ്കിലും അതിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് കണ്ടിട്ടുണ്ട്. 50 ലക്ഷം മുതൽ 60 ലക്ഷം രൂപ വരെ ടേൺ ഓവറുള്ള ഒരു ലക്ഷം ചെറിയ സംരംഭങ്ങളെ ഒരു കോടി ടേൺ ഓവറുള്ള സംരംഭങ്ങളാക്കി മാറ്റാനുള്ള മിഷൻ 100000 പദ്ധതി മുന്നോട്ടുവയ്ക്കുന്നുണ്ട്. 1000 സംരംഭങ്ങളെ 100 കോടി ടേൺ ഓവറുള്ള സംരംഭങ്ങളാക്കി മാറ്റാനുള്ള മിഷൻ 1000-ൽ നിലവിൽ 544 സംരംഭങ്ങളുൾപ്പെട്ടിട്ടുണ്ട്. എം.എസ്.എം.ഇ. ഡിജിറ്റൽ ട്രാൻഫോർമേഷൻ മിഷൻ എ.ഐ. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുക, സോഴ്സിങ് കേരള- ഇടനിലക്കാരില്ലാതെ പരമ്പരാഗത ഉൽപന്നങ്ങൾ ലോക വിപണിയിലേക്ക് എത്തിക്കുക, കേരള

ക്രാഫ്റ്റ് ട്രയൽ- വിനോദസഞ്ചാരികളെ പരമ്പരാഗത വ്യവസായ കേന്ദ്രങ്ങളിലേക്ക് ആകർഷിക്കാൻ ഡിജിറ്റൽ മാപ്പിങ് പദ്ധതി, ഭൂമി ലഭ്യമാക്കുന്നതിനുള്ള ലാൻഡ് പൂളിങ് സംവിധാനം എന്നിവ മുന്നോട്ടുവയ്ക്കുന്നുണ്ട്. കിഴക്കമ്പലത്ത് ഇൻഫോ പാർക്കിന്റെ പുതിയ ഫേസിനുവേണ്ടി ബഹുമാന്യനായ കുന്നത്തുനാട് എം.എൽ.എ.-യുടെ പ്രദേശത്ത് ലാൻഡ് പൂളിങ് ആരംഭിച്ചുകഴിഞ്ഞു. ജി.സി.ഡി.എ. ആണ് അതിന്റെ ചുമതല ഏറ്റെടുത്തിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അധികഭൂമി ഉപയോഗപ്പെടുത്തുന്ന പൊതുനയവും ആവിഷ്കരിച്ചിട്ടുണ്ട്. ഇതൊക്കെയാണ് 75-ാം വാർഷികത്തിന്റെ കൂടി ഭാഗമായി 2031-ലേക്കുള്ള കർമ്മപദ്ധതിയായി സർക്കാർ കാണുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, മണ്ണെണ്ണ വിളക്ക് കൊളുത്തി വ്യവസായം തുടങ്ങാൻ കഴിയുമോ എന്ന ചോദ്യമുയർത്തിക്കൊണ്ട് സംരംഭകർ കേരളത്തെ പരിഹസിച്ച ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് ആവശ്യമായ

വൈദ്യുതിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവികസനങ്ങളും കാലോചിതമായ വ്യവസായ പരിഷ്കരണവുമെല്ലാം ഉറപ്പുവരുത്തി വികസനക്കുതിപ്പുമായി മുന്നേറുന്ന കേരളത്തിൽ വ്യവസായ സംരംഭകർ ആഹ്ലാദത്തോടുകൂടി എത്തുകയാണ്. കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കാൻ കെ.എസ്.ഐ.ഡി.സി. വഴി പ്രാരംഭമൂലധന സഹായം എന്ന പദ്ധതിവഴി എത്ര പേർക്ക് തൊഴിലവസരം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്ത് തുടർച്ചയായി ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഇപ്പോൾ കേരളത്തിൽ 15-16 വയസ്സുള്ള കുട്ടികളോട് ചോദിച്ചാൽ പവർകട്ട് എന്താണെന്ന് അവർക്കറിയില്ല. കാരണം കഴിഞ്ഞ പത്തുവർഷം കൊണ്ട് പവർ കട്ട്, ലോഡ്ഷെഡിങ് എന്നീ രണ്ടു പദങ്ങൾ കേരളത്തിലെ ഡിക്ഷ്ണറിയിൽനിന്ന് അപ്രത്യക്ഷമാക്കാൻ കഴിയുന്ന മാറ്റം

വൈദ്യുതോൽപാദനരംഗത്ത് ഉണ്ടായി. പവർ കട്ടോ ലോഡ് ഷെഡിങ്ങോ എവിടെയെങ്കിലുമുണ്ടെങ്കിൽ അത് നിങ്ങൾ ഇവിടെ പറഞ്ഞാൽ മതി. ചിലർ കഴിഞ്ഞ പത്തുകൊല്ലമായി ഇരുട്ടിൽതന്നെയാണ്, അതിനെ രക്ഷപ്പെടുത്താൻ നമുക്ക് കഴിയില്ല. പത്തുകൊല്ലമായി ഇരുട്ടിൽതന്നെ സ്വയം കിടന്നിരിക്കുന്ന ആളുകളെ വെളിച്ചത്തിലേക്ക് നയിക്കാനുള്ള അസാധാരണ ശേഷിയോ മാന്ത്രികവിളക്കോ ഒന്നും എന്റെ കൈയിലില്ല. 'ദി എക്കണോമിസ്റ്റ്' എന്നൊരു വാരികയുണ്ട്. അവരുടെ ലെഫ്റ്റ് പാരഡൈസ് എന്ന ആർട്ടിക്കിളിന്റെ അവസാന ഭാഗത്ത് ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും കേരളത്തിൽനിന്ന് പഠിക്കാനുണ്ട് എന്ന് പറയുന്നുണ്ട്, മാത്രമല്ല ലോകത്തിന്റെ പല ഭാഗങ്ങൾക്കും കേരളത്തിൽനിന്ന് പഠിക്കാനുണ്ടെന്നും പറയുന്നു. കേരളം ഡെവലപ്പിങ് ചാമ്പ്യനാണെന്ന് 'ദി എക്കണോമിസ്റ്റ്' വാരിക സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അത്യാവശ്യം വായിക്കുന്നവർക്ക് ചിലപ്പോൾ അറിയാമായിരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരുപക്ഷേ ശ്രദ്ധിച്ചിട്ടുണ്ടാവും. എക്കണോമിസ്റ്റിന്റെ ഇന്റലിജൻസ് യൂണിറ്റ് അവരുടെ ഒരു

ഭാഗം അതിൽ ക്വാട്ട് ചെയ്യുന്നുണ്ട്. അതൊരു സിസ്റ്റർ യൂണിറ്റാണ്. അവർ എല്ലാവർഷവും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലെയും വ്യവസായ വളർച്ചയെക്കുറിച്ചുള്ള പഠനം നടത്താറുണ്ട്. അത് വലിയ വില കൊടുത്താണ് കോർപ്പറേറ്റുകളൊക്കെ സബ്സ്ക്രൈബ് ചെയ്യുന്നത്. നമ്മൾ എത്ര പറഞ്ഞാലും ചില പറയാറുണ്ട്, കോർപ്പറേറ്റുകൾ അങ്ങനെ പറയുന്നു.. ഇങ്ങനെ പറയുന്നു.. ഇവർ തള്ളാണ് പറയുന്നത്.. പി.ആർ ആണെന്നൊക്കെ പറയുമല്ലോ; നമ്മൾ എന്തൊക്കെ പറഞ്ഞാലും ഈ കോർപ്പറേറ്റ് ഏജൻസികൾ അവരുടേതായ കൺസൾട്ടൻസി വച്ച് ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തി ആ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് എവിടെ ഇൻവെസ്റ്റ് ചെയ്യണമെന്ന് തീരുമാനത്തിലെത്തുന്നത്. അല്ലാതെ വ്യവസായ മന്ത്രി ഇങ്ങനെ പറഞ്ഞു, മുഖ്യമന്ത്രി പറഞ്ഞു, കേരളത്തിന്റെ പരസ്യം കണ്ട് നേരെ നിക്ഷേപം നടത്താമെന്ന് പറഞ്ഞിട്ടില്ല ഈ കമ്പനികൾ വന്നിട്ടുള്ളത്. ദി എക്കണോമിസ്റ്റിന്റെ ഇന്റലിജൻസ് യൂണിറ്റിന്റെ പഠനത്തിൽ നേരത്തെ കേരളം വ്യവസായത്തിന്റെ റാങ്കിങ്ങിലേക്ക് പോലും പരിഗണിക്കപ്പെട്ടിരുന്നില്ല.

എന്നാൽ ഇപ്പോൾ കേരളം ഒൻപതാമത്തെ റാങ്കിങ്ങിലെത്തുമ്പോൾ അതിൽ പറയുന്ന പ്രധാനപ്പെട്ട ഒരു ഭാഗം വ്യവസായങ്ങൾക്കുള്ള അൺഇന്ററപ്റ്റഡ് പവർ സപ്ലൈയുടെ കാര്യത്തിൽ കേരളം ഇന്ത്യയിൽ ഇന്ന് മൂന്നാം സ്ഥാനത്താണെന്ന് എക്കണോമിസ്റ്റ് സാക്ഷ്യപ്പെടുത്തുകയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഇത്തവണത്തെ റാങ്കിങ്ങിൽ ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാനിൽ അൺഇന്ററപ്റ്റഡ് പവർ സപ്ലൈയിൽ അവരുടെ റാങ്കിങ്ങിൽ കേരളം ഒന്നാം സ്ഥാനത്തെത്തി എന്നുള്ളതും ഓരോരുത്തർക്കും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. അതിൽ അസ്വസ്ഥപ്പെട്ടിട്ട് കാര്യമില്ല. ഉള്ളതുപറഞ്ഞാൽ ആർക്കോ തുള്ളൽ വരുമെന്ന് പറഞ്ഞ് അവിടെയിരുന്ന് അശരീരി പോലെ ഉരുവിട്ടിട്ട് കാര്യമില്ല. യാഥാർഥ്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. വസ്തുതകൾ വച്ചുകൊണ്ട് വേണമെങ്കിൽ സംസാരിക്കാം. അശരീരി പോലെ അവിടെയിരുന്ന് പറഞ്ഞാൽ അതിനെ മറികടക്കാൻ കഴിയില്ല. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ രണ്ടുതവണ തുടർച്ചയായി ഒന്നാം സ്ഥാനത്തെത്തുന്നു. ഫാസ്റ്റ് മൂവർ പട്ടികയിൽ ആദ്യമായി കേരളം അംഗീകരിക്കപ്പെടുന്നു.

കയറ്റുമതിയുടെ കാര്യത്തിൽ ഇപ്പോൾ കേരളം ഏറ്റവും മികച്ച സ്ഥാനത്തേയ്ക്കെത്തുന്നു എന്നുള്ളത് മലയാള മനോരമ തന്നെ ആളുകളെ അറിയിക്കുന്ന രൂപത്തിലേക്ക് വസ്തുതകൾ മുഖത്തുവന്നടിക്കുകയാണ്. അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ (ASPA) അതിന്റെ നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ അവാർഡിന് കേരളത്തിന്റെ ഇയർ ഓഫ് എന്റർപ്രൈസസ് (YoE) പദ്ധതി തിരഞ്ഞെടുത്തിരിക്കുന്നു. അതുപോലുള്ള ധാരാളം അംഗീകാരങ്ങൾ നേടാൻ നമുക്ക് കഴിഞ്ഞു. അത് ഈ സർക്കാരിനുള്ള അംഗീകാരമല്ല കേരളത്തിനുള്ള അംഗീകാരമാണ്. കേരള വിരുദ്ധർക്കുമാത്രമേ ഇത്തരം അംഗീകാരം കിട്ടുമ്പോൾ അസ്വസ്ഥരാകാൻ കഴിയുകയുള്ളൂ. കേരള വിരുദ്ധരാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, വ്യവസായവും സംരംഭവും വാഴില്ല എന്ന് പറഞ്ഞ കേരളത്തിലാണ് മൂന്ന് ലക്ഷത്തിഅമ്പത്തിമൂവായിരത്തിൽപ്പരം സംരംഭങ്ങളും ഏഴ് ലക്ഷം തൊഴിലവസരങ്ങളും വരികയും ചെയ്തിട്ടുള്ളത്.

ഇങ്ങനെ ആരംഭിച്ച സംരംഭങ്ങളിൽ ചിലത് നഷ്ടത്തിലാവുകയോ പൂട്ടിപോകുകയോ ചെയ്യുന്നൊരു സ്ഥിതി വന്നിട്ടുണ്ട്. ഇവയെ 'പുനരുജ്ജീവന' പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുമോ; ഇങ്ങനെ എത്രത്തോളം പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, സ്റ്റാർട്ടപ്പ് ആണെങ്കിൽ 90 ശതമാനവും ലോകത്ത് ആദ്യത്തെ വർഷം തന്നെ മരിച്ചുപോകും. കാരണം, പുതിയ ആശയങ്ങളാണല്ലോ; MSME-കളാണെങ്കിൽ 30 ശതമാനം ഇന്ത്യയിൽ ആദ്യത്തെ വർഷം മരിച്ചുപോകുമെന്നുള്ളതാണ് പൊതുവായ കണക്ക്. അതിനെ പതിനഞ്ച് ശതമാനത്തിലേക്ക് എത്തിക്കാനാണ് നമ്മൾ ശ്രമിച്ചത്. അതിന്റെ ഭാഗമായി നിരവധി പദ്ധതികൾ നടപ്പാക്കുകയുണ്ടായി. മാർക്കറ്റുമായി ബന്ധപ്പെട്ട് ഇപ്പോൾ പൊതുവിതരണ വകുപ്പുമായി ഒപ്പുവച്ച കരാർ പ്രകാരം ഏകദേശം മുപ്പത് കോടി രൂപയുടെ ഉൽപന്നങ്ങൾ കെ-സ്റ്റോർ വഴി പ്രാദേശികമായിട്ടുള്ള ചെറിയ സംരംഭങ്ങൾക്ക് വിൽക്കാനായി കഴിഞ്ഞിട്ടുണ്ട്.

കെ-ഷോപ്പി എന്നൊരു ഓൺലൈൻ പ്ലാറ്റ്ഫോം തുടങ്ങി. അതുപോലെ മറ്റ് പിന്തുണകളെല്ലാം നൽകുന്ന സംവിധാനം നടപ്പാക്കി. ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയതുപോലെ പ്രതിസന്ധിയിലായ സ്ഥാപനങ്ങളെ, സിക്ക് യൂണിറ്റ് പുനരുദ്ധരിക്കുന്നതിനുവേണ്ടി പ്രത്യേകമായ പദ്ധതി കെ.എസ്.ഐ.ഡി.സി. വഴി നടപ്പാക്കുന്നുണ്ട്. കാരണം, പുതിയ സംരംഭങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ പല കാരണങ്ങളാൽ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന നിലവിലുള്ള സംരംഭങ്ങളെ ഗവൺമെന്റിന്റെ ഇടപെടലിലൂടെയും മറ്റും മെച്ചപ്പെടുത്താൻ കഴിയുമെങ്കിൽ മറ്റ് മേഖലകളിൽ ചെയ്യുന്നതിന്റെ അത്രയും സമയം ചെലവഴിക്കേണ്ടി വരില്ലെന്നുള്ളതാണ്. എന്നാൽ അതിനാവശ്യമായ റീ-സ്ട്രക്ചറിങ് പ്ലാൻ ആവശ്യമാണ്. ടി പദ്ധതി ഇപ്പോൾ നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. വിഴിഞ്ഞത്തെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, പത്ത് വർഷം മുമ്പാണ് പരശുരാമൻ മഴു എറിഞ്ഞതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയാതിരുന്നത് ഭാഗ്യം. കഴിഞ്ഞ

പത്ത് വർഷം അല്ലെങ്കിൽ അഞ്ച് വർഷം കൊണ്ടാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ നടക്കുന്നതെന്ന നിലയ്ക്കാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. ദാവോസിൽ അന്നത്തെ ഗവൺമെന്റിനുവേണ്ടി ഞാനും ഇതേ ഡെലിഗേഷൻ കൊണ്ടുപോയിട്ടുള്ളതാണ്. ഇതേപോലെ ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസൽ കിട്ടിയിട്ടുള്ളതാണ്. എക്സിബിഷൻ സ്റ്റാൾ, ജി-ടെക്ക്, ഹാനോവർ ഷോയിൽ എല്ലായിടത്തും പോയിട്ടുണ്ട്. പത്ത് വർഷം കൊണ്ട് ആവേശത്തോടെ പ്രസംഗിക്കുന്ന നിങ്ങൾക്കാണ് ആറ്റിറ്റ്യൂഡൽ ചെയ്ഞ്ച് വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇടയ്ക്കിടയ്ക്ക് ഒരു കാര്യം പറയുന്നത് വ്യവസായം തുടങ്ങുന്നവർക്ക് ഒരു പെർസപ്ഷൻ ഇവിടെയുണ്ടെന്നുള്ളതാണ്. ഞാനും ഇതുപോലെ ലക്ഷക്കണക്കിന് എം.ഒ.യു സൈൻ ചെയ്ത് വന്ന് ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസൽ ആയപ്പോൾ അപ്പുറത്ത് നിന്നും കേട്ടത് എന്തിനാണ് ഈ ദുർവ്യയം എന്നായിരുന്നു. ആ ചോദ്യം ഞങ്ങൾ ചോദിക്കില്ല. ഈ പ്രൊപ്പോസൽ ഇലക്ഷനാണല്ലോ; തിരഞ്ഞെടുപ്പാണ് വരാൻ പോകുന്നത് ചിലപ്പോൾ ഞങ്ങൾ വന്നെന്നിരിക്കും. അത് നല്ലതാണെങ്കിൽ

ഞങ്ങൾ കണ്ടിന്യൂ ചെയ്യുമെന്നൊരു ഉറപ്പ് തരാം.

ശ്രീ. പി. രാജീവ്: സർ, ഇതൊരു ചോദ്യമല്ലെങ്കിലും അദ്ദേഹം നടത്തിയ വസ്തുതാവിരുദ്ധമായ ചില പ്രസ്താവനകളുണ്ട്. അദ്ദേഹം പൊതുവെ ഇങ്ങനെ പറയുന്നൊരു ആളല്ല. ഒരു കാര്യം ഞാൻ ചോദിക്കട്ടെ; നമ്മൾ പച്ചകളവ് പറയാൻ പാടില്ല. വസ്തുതാവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ സത്യമെന്ന മട്ടിൽ ആധികാരികമായി അവതരിപ്പിക്കുന്നതിൽ അസാധാരണശേഷി നിങ്ങൾക്കുണ്ടെന്നുള്ളത് ജനങ്ങൾ അല്ലെങ്കിൽ മാധ്യമങ്ങൾ സമ്മതിക്കുന്നതാണ്. എന്തുകൊണ്ട് ഈ MoU-കൾ യഥാർത്ഥ്യമായില്ല. നേരത്തെ നിങ്ങൾ ഇൻവെസ്റ്റ് സബ്മിറ്റ് നടത്തിയപ്പോൾ ഞാൻ അതിനെ സ്വാഗതം ചെയ്തു. കേരളത്തിന്റെ ഗുണമാണ്. പ്രതിപക്ഷ നേതാവുൾപ്പെടെ എല്ലാവരും പങ്കെടുത്തു. അത് നല്ല കാര്യമാണ്. നമുക്ക് വിസിബിളിറ്റി ലഭിക്കുമെന്നുള്ളത് എല്ലായിടത്തും പറഞ്ഞു. എന്നാൽ വി.എസ്. അച്യുതാനന്ദൻ നിങ്ങളുടെ GIM-ൽ പങ്കെടുത്തിരുന്നു. അന്ന് നിങ്ങൾക്കൊപ്പം നിന്നിരുന്ന......

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അക്കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ പറയാനുണ്ട്. GIM-ലൊക്കെ വന്ന പ്രൊപ്പോസൽസാണ്. പിന്നെ മെഗാ പ്രോജക്ടായി കേരളത്തിൽ കൊണ്ടുവന്ന മെട്രോ പോലെയുള്ള പല പ്രോജക്ടുകളും. പത്ത് കൊല്ലത്തിനുള്ളിൽ ഒരു മെഗാ പ്രോജക്ട് എങ്കിലും നിങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അദ്ദേഹം സൂചിപ്പിച്ചതിനെക്കുറിച്ച് പറയാൻ എനിക്ക് സമയം തരണം. ഈ പ്രോജക്ടുകളെ സംബന്ധിച്ച് പറയാൻ കുറച്ച് സമയമെടുക്കും. നായനാരുടെ കാലത്ത് ആരംഭിച്ച തുടക്കമെവിടെ എന്നത് വെറുതെ ഇരുന്നിട്ട് അങ്ങ് ചരിത്രം പരിശോധിച്ചാൽ മെട്രോയുടെ തുടക്കം എവിടെനിന്നാണെന്ന് അറിയാൻ കഴിയും. അതിനുശേഷം ഈ മെട്രോയെ അങ്ങയുൾപ്പെടെയുള്ള ആളുകൾ സിംഗപ്പൂരിൽ പോയി സിംഗപ്പൂർ കമ്പനിക്ക് വിൽക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരെ കേരളം നടത്തിയ വലിയ സമരത്തിന്റെ ഭാഗമായിട്ടാണ് ഡി.എം.ആർ.സി.-ക്ക് അത് ലഭിച്ചതെന്ന് അതിന്റെ നേതൃത്വം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ; കോൺഗ്രസ്

നേതാവ് കമൽനാഥ് കേരളത്തിൽവന്നപ്പോൾ അന്ന് ഞാൻ പാർലമെന്റ് മെമ്പർ ആയിരുന്നു. ....(ബഹളം....)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്... അദ്ദേഹം പറയട്ടെ..... ബഹുമാനപ്പെട്ട ഉപനേതാവ് സംസാരിച്ചപ്പോൾ ഭരണപക്ഷത്താരും മറുപടി പറഞ്ഞിട്ടില്ല.

ശ്രീ. പി. രാജീവ്: സർ, യഥാർഥത്തിൽ ബഹുമാന്യനായ ഉപനേതാവ് ചോദ്യങ്ങളല്ല ചോദിച്ചത്. പക്ഷെ അദ്ദേഹം ഒരു പ്രസ്താവന നടത്തുമ്പോൾ ആ പ്രസ്താവന രേഖയിൽ വരികയും സമൂഹം കാണുകയും ചെയ്യുമല്ലോ. വസ്തുതാവിരുദ്ധമാണെന്നുള്ളത് വസ്തുതകളെ അടിസ്ഥാനപ്പെടുത്തി സ്ഥാപിക്കേണ്ട ഉത്തരവാദിത്വം ഭരണപക്ഷത്തുള്ള ഞങ്ങൾക്കുണ്ടല്ലോ; അദ്ദേഹം നേരത്തെ പറഞ്ഞു നിങ്ങളാരും സഹകരിച്ചില്ലെന്ന്. ഞങ്ങൾ സഹകരിച്ചു. നിങ്ങൾക്കാണ് മാറ്റം വന്നത്. വി.എസ്. അച്യുതാനന്ദൻ അതിനകത്ത് വന്നു. അന്ന് ഇൻവെസ്റ്റ് സബ്മിറ്റ് നടത്തിയ മന്ത്രിസഭയ്ക്കകത്ത് ഐക്യമുണ്ടായില്ല. അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ഇന്നത്തെ യു.ഡി.എഫ്. കൺവീനർ ആണ്. ഒരു ഇഞ്ച് ഭൂമി നൽകില്ല, ഞങ്ങളാരും അറിയാത്ത

പദ്ധതികളാണെന്ന് അദ്ദേഹം പരസ്യമായി പറഞ്ഞു. ഞങ്ങളല്ല അത് പറഞ്ഞത്. അന്നത്തെ ഹരിത എം.എൽ.എ.-മാരുടെ പ്രസ്താവന നോക്കിക്കോ; ഇന്നവർ നിങ്ങളോടൊപ്പമുണ്ടല്ലോ; നിങ്ങൾക്കൊരു യോജിപ്പുണ്ടായിരുന്നില്ല. നിങ്ങളുടെ മുന്നണി എന്ന് കേരളത്തിൽ ഭരിച്ചാലും നിങ്ങളുടെ തമ്മിലടി മാത്രമാണ് കേരളത്തിലെ വികസനങ്ങളെ മുടക്കിയിട്ടുള്ളത്. അല്ലാതെ ഇങ്ങോട്ട് നോക്കേണ്ട; നിങ്ങൾ തമ്മിലുള്ള തർക്കങ്ങൾ....(ബഹളം....)

<u>മി. സ്പീക്കർ</u>: പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റാണ് അദ്ദേഹവും സൂചിപ്പിച്ചത്. യെസ്സ്....യെസ്സ്...... അങ്ങ് പറയൂ.

<u>ശ്രീ. പി. രാജീവ്</u>: സർ, തുരങ്കപാത ഞങ്ങൾ അനുവദിക്കില്ലായെന്ന് പ്രഖ്യാപിച്ചില്ലേ; നേരത്തെ ഞങ്ങൾ കെ-റെയിൽ എന്ന് പറഞ്ഞപ്പോൾ അയ്യയ്യോ..അയ്യയ്യോ എന്ന് പറഞ്ഞവർ ബി.ജെ.പി. കെ-റെയിൽ, അതിവേഗ റെയിൽവേ എന്ന് പറയുമ്പോൾ സ്വാഗതം എന്ന് പറഞ്ഞില്ലേ; ഈ അന്തർധാര കേരളം അറിയില്ലേ; രാഷ്ട്രീയതർക്കത്തിലെ ഇത്തരം കാര്യങ്ങളിൽ ഈ ചോദ്യം സാധാരണരീതിയിൽ അങ്ങയെപ്പോലുള്ള ഒരാൾ ചോദിക്കുന്നതല്ല.

തിരഞ്ഞെടുപ്പിന്റെ വക്കത്ത് എത്തിയതുകൊണ്ട് അങ്ങനെയൊരു ചോദ്യം ഉന്നയിച്ചതായിരിക്കുമെന്ന് മാത്രമെ കരുതുന്നുള്ളൂ. നല്ല രീതിയിൽ കേരളം മാറിയിരിക്കുന്നു. അത് ഞങ്ങൾ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നു. അക്കാര്യം മാത്രമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. റോജി എം. ജോൺ: സർ, അങ്കമാലിയിൽ ഗിഫ്റ്റ് സിറ്റിയെന്നുള്ളത് കഴിഞ്ഞ തിരഞ്ഞെടുപ്പിന് മുമ്പ് പ്രഖ്യാപിച്ച പദ്ധതിയായിരുന്നു. ഇപ്പോൾ അഞ്ച് വർഷമായി. അങ്ങും ഞാനുമുൾപ്പെടെ എത്രയോ തവണ ഭൂവുടമകളുമായും ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തിയിട്ടുള്ളത്. ആ ഭൂമിയേറ്റെടുക്കുന്നതിനുവേണ്ടിയിട്ടുള്ള എല്ലാ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയിട്ടുണ്ട്. ഏറ്റവുമൊടുവിൽ അങ്ങ് തന്നെ പദ്ധതി പ്രദേശത്ത് വന്ന് ഭൂവുടമകളുമായി സംസാരിച്ച് അതിന്റെ പലിശയുൾപ്പെടെ ഒഴിവാക്കികൊടുക്കാനായി ഭൂവുടമകൾ സമ്മതം അറിയിച്ചു. ആ ഭൂമിയേറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. പക്ഷേ നാളിതുവരെയായി ഒരു

സെന്റ് ഭൂമിപോലും നമുക്കെടുക്കാൻ സാധിച്ചിട്ടില്ല. കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ ഗ്ലോബൽ സിറ്റിയെക്കുറിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അതിനെ നമ്മൾ സ്വാഗതം ചെയ്യുന്നു. നേരത്തെ അഞ്ച് വർഷംമുമ്പ് പ്രഖ്യാപിച്ച ഗ്ലോബൽ സിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് ഭൂമിയേറ്റെടുക്കാൻ വേണ്ടിയിട്ടുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതായിട്ടുണ്ടെന്ന് നമുക്കറിയാം. പക്ഷെ അനുമതിയുണ്ടായിരുന്ന സമയത്ത് നമ്മൾ ഭൂമിയേറ്റെടുക്കൽ പൂർത്തീകരിച്ചിട്ടില്ല. ഇവിടെ അങ്ങ് തന്നെ പറയുകയുണ്ടായി നിരവധി പദ്ധതികൾക്ക് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടെന്നുള്ളത്. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഭൂമിയുടെ ലഭ്യതയാണ്. അതുകൊണ്ട് എത്രയും വേഗം അങ്കമാലി ഗ്ലോബൽ സിറ്റിയുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം; ഭൂവുടമകൾക്ക് പണം കൊടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അദ്ദേഹം സൂചിപ്പിച്ചകാര്യം വളരെ

ഗൗരവമുള്ള വിഷയമാണ്. ഈ പ്രശ്നത്തിൽ എന്നോടൊപ്പം അദ്ദേഹം ഇടപെട്ടുകൊണ്ടിരുന്നതാണ്. പക്ഷെ അതിന്റെ മർമ്മം എന്തെന്നുള്ളത് ചോദ്യത്തിൽ സൂചിപ്പിച്ചിട്ടില്ല, അവസാനം ഒരു പരാമർശത്തിലൂടെ കൊണ്ടുവരികയാണ് ചെയ്തത്. ഗിഫ്റ്റ് സിറ്റി എന്നത് കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കൊറിഡോറിന്റെ രണ്ടാം നോഡിലാണ് ആദ്യം കണ്ടിരുന്നത്. എന്നാൽ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നതിനനുസരിച്ച് ഒന്നാമത്തെ നോഡിന്റെ ഭാഗമാക്കാൻതന്നെ അവർ സമ്മതിക്കുകയുണ്ടായി. ഭൂമിയേറ്റെടുക്കൽ രണ്ടാം നോഡിലാണെങ്കിൽപോലും ഒന്നാം നോഡ് തത്വത്തിൽ അംഗീകരിച്ചതിന്റെയടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കലിന്റെ ശ്രമങ്ങൾ ആരംഭിച്ചു. അവിടെ 500 ഏക്കറിന് 500 കോടി രൂപ മാറ്റിവച്ചു. അവസാനം ബഹുമാന്യനായ എം.എൽ.എ., എം.പി., പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ എന്നിവർ ആവശ്യപ്പെട്ടതിന്റെ ഭാഗമായി 500 ഏക്കർ എന്നുള്ളത് 356 ഏക്കർ എന്നതായി ചുരുക്കി. 500 ഏക്കറിന് 500 കോടി രൂപയാണ് കണ്ടിരുന്നത്. പക്ഷെ, അവസാനം വാല്യുവേഷൻ വന്നപ്പോൾ അത്

850 കോടി രൂപയായിരുന്നു. ആ 850 കോടി രൂപ നിങ്ങൾ എതിർക്കുന്ന, നിങ്ങൾ എപ്പോഴും എതിർത്തുകൊണ്ടിരിക്കുന്ന കിഫ്ബിയിൽനിന്ന് കൃത്യസമയത്ത് ടി ഫണ്ട് നൽകാനും തയ്യാറായിരുന്നു. എന്നാൽ സംഭവിച്ചത്, ഗുജറാത്തിലെ അഹമ്മദാബാദിൽ ഗിഫ്റ്റ് സിറ്റിയുണ്ടെന്നും ആ പേര് അവർക്ക് മാത്രമുള്ളതാണെന്നും ഗിഫ്റ്റ് സിറ്റിയെന്ന പേര് മാറ്റണമെന്നും നോട്ടീസ് വന്നതാണ്. യൂണിയൻ ഗവൺമെന്റ് അംഗീകരിച്ച പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി. അങ്ങനെ പേര് മാറ്റി ഗ്ലോബൽ സിറ്റി എന്നാക്കി. ഗ്ലോബൽ സിറ്റിയും ഗ്ലോബൽ കേപബിലിറ്റി സെന്ററും രണ്ടും രണ്ടാണ്. അക്കാര്യം ബഹുമാന്യനായ അംഗത്തിന് അറിയാമെന്ന് കരുതുന്നു. ഗ്ലോബൽ സിറ്റിയിൽ ജി.സി.സി. കൂടി കൊണ്ടുവരാമെന്നേയുള്ളൂ. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിന് 1710 ഏക്കർ ഭൂമി കേവലം 10 മാസംകൊണ്ടാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയത്. പ്രധാനമന്ത്രി പ്രഖ്യാപിച്ച 12 പദ്ധതികളിൽ ഇപ്പോൾ ടെൻഡർ അവാർഡ് ചെയ്ത് നിർമ്മാണം നടക്കുന്നത് പാലക്കാട് സ്മാർട്ട് സിറ്റി മാത്രമാണ്. ഗിഫ്റ്റ് സിറ്റിയുടെ പേര് മാറ്റുകയും അതിന്റെ ഡിസൈൻ, മാസ്റ്റർ

പ്ലാൻ എന്നിവയെല്ലാം സമർപ്പിക്കുകയും കോൺട്രാക്ട് നൽകുകയും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോവുകയും ചെയ്തപ്പോൾ അതെല്ലാം നിർത്തിവയ്ക്കാൻ പറഞ്ഞ് യൂണിയൻ ഗവൺമെന്റ് കത്തയയ്ക്കുകയാണുണ്ടായത്. അക്കാര്യത്തിൽ ഇടപെടണമെന്ന് അവിടത്തെ എം.പി.-യോടും പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും എം.പി. ആവശ്യപ്പെട്ടതുകൂടാതെ കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ നേരിൽക്കണ്ട് ആവശ്യപ്പെടുകയും ചെയ്തെങ്കിലും ആ പദ്ധതി താൽക്കാലത്തേക്ക് മാറ്റി വയ്ക്കാനാണ് കേന്ദ്രം പറഞ്ഞിട്ടുള്ളത്. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നമ്മൾ ഭൂവുടമകളായി ചർച്ച ചെയ്തിട്ടുള്ളതാണ്. ഗിഫ്റ്റ് സിറ്റി നിലവിൽ വന്നാൽ അത് സംസ്ഥാനത്തിന് ഗുണപ്രദമാണ്. ഇതിനായി പണം മുടക്കാൻ കേന്ദ്രത്തിന് ബുദ്ധിമുട്ടുണ്ടെങ്കിൽ അഹമ്മദാബാദ് ഗിഫ്റ്റി സിറ്റിയുടെ അതേ സ്റ്റാറ്റസ് എങ്കിലും നൽകണമെന്നാണ് നമ്മൾ ആവശ്യപ്പെട്ടത്. ഗിഫ്റ്റ് സിറ്റിയുടെ സ്റ്റാറ്റസ് എന്നുപറഞ്ഞാൽ ഇന്റർനാഷണൽ ജൂറിസ്ഡിക്ഷനാണ്. ഇന്ത്യയുടെ നിയമങ്ങൾ ഒന്നും അവിടെ ബാധകമല്ല എന്നത് ഇതിന്റെ

പ്രത്യേകതയാണ്. അതേ സ്റ്റാറ്റസ് ഉണ്ടെങ്കിൽ മാത്രമെ നമുക്ക് ഇൻവെസ്റ്റേഴ്സിനെ ഇങ്ങോട്ട് കൊണ്ടുവരാൻ കഴിയുള്ളൂ. അവർക്ക് പ്രത്യേക സ്റ്റാറ്റസും നമുക്ക് ആ സ്റ്റാറ്റസ് ഇല്ലാതെയുമിരുന്നാൽ ഇവിടത്തെ ലോക്കൽ, പഞ്ചായത്ത്, കേന്ദ്രം തുടങ്ങിയ എല്ലാതരത്തിലുമുള്ള ടാക്സുകൾ ഇവിടെ ബാധകമാകും. എന്നാൽ ഗിഫ്റ്റ് സിറ്റിയിൽ പോകുന്നയാൾക്ക് ആ ടാക്സ് ഒന്നുമില്ലാതെ അവിടെ നിക്ഷേപിക്കാം. ഈ ടാക്സെല്ലാം കൊടുക്കേണ്ടി വന്നാൽ നിക്ഷേപം നടത്തുന്നവർ സ്വഭാവികമായും കേസിന് പോകും. 1000 കോടി രൂപ സ്ഥലത്തിനും അതിന്റെകൂടെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് 600 കോടി രൂപയെങ്കിലും വരും. 1600 കോടി രൂപ 350 ഏക്കറിന് ചെലവ് വരുമെന്നുപറഞ്ഞാൽ ഒരു ഏക്കറിന് ഏകദേശം എത്ര കോടിയാകുമെന്ന് നമുക്ക് എല്ലാവർക്കും അറിയാം. അത്രയും നിക്ഷേപം ഭൂമിക്ക് ചെലവഴിച്ച് ഒരു നിക്ഷേപകനെ കൊണ്ടുവരുമ്പോൾ ഈ സ്റ്റാറ്റസ് എങ്കിലും ഇല്ലെങ്കിൽ നമുക്ക് ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ട് ഈ സ്റ്റാറ്റസിനുവേണ്ടി കേന്ദ്രത്തിലേക്ക് കത്തയച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള എം.പി.-മാരിൽ ശ്രീ. റോജി എം.

ജോണിന്റെ പാർട്ടിക്കാണല്ലോ കൂടുതൽ ആളുകളുള്ളത്. അങ്ങാണെങ്കിൽ കർണാടകയുടെ ചുമതല നിർവഹിച്ച് ഇങ്ങോട്ട് വന്നിട്ടേയുള്ളൂ. എല്ലാവരോടും പറഞ്ഞ് അത് നേടിയെടുക്കാനായി നമുക്കൊരു ശ്രമം നടത്തണം. സ്റ്റാറ്റസ് കിട്ടിയാൽ അവർ പണം തന്നില്ലെങ്കിലും നമുക്ക് ഇക്കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

## മാരിടൈം മേഖലയിലെ വികസനം

2(*32) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര-ദേശീയ തലങ്ങളിൽ മാരിടൈം മേഖലയും അനുബന്ധ മേഖലകളും വളർച്ചയുടെ പാതയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനനുസൃതമായി സംസ്ഥാനത്തെ ലോജിസ്റ്റിക്സ്, മാരിടൈം

വ്യവസായ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള തുറമുഖങ്ങളിൽ നിക്ഷേപം ആകർഷിച്ച് കൂടുതൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തും മാരിടൈം മേഖല വികസിക്കുന്ന സാഹചര്യത്തിൽ മാരിടൈം കേസുകൾ കൈകാര്യം ചെയ്യാൻ ഒരു ട്രൈബ്യൂണൽ രൂപീകരിക്കാനുള്ള സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കാമോ?

തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) ഉണ്ട്. അന്താരാഷ്ട്ര-ദേശീയ തലങ്ങളിൽ മാരിടൈം മേഖലയും അനുബന്ധ മേഖലകളും വികസനത്തിന്റെ പാതയിലാണ്.

1. അന്താരാഷ്ട്ര തലത്തിലുള്ള വളർച്ച

ലോകവ്യാപാരത്തിന്റെ വലിയ ഒരു ശതമാനം നടക്കുന്നത് സമുദ്രമാർഗമാണ്. ആഗോളതലത്തിൽ മാരിടൈം മേഖലയിൽ വലിയ മാറ്റങ്ങൾ

സംഭവിക്കുന്നു:

മെഗാകപ്പലുകളുടെ കാലം: 20,000-ത്തിലധികം കണ്ടെയ്നറുകൾ വഹിക്കാൻ ശേഷിയുള്ള ഭീമൻ കപ്പലുകൾ (Ultra Large Container Vessels) ഇന്ന് വ്യാപകമാണ്.

ഡിജിറ്റലൈസേഷൻ: സ്മാർട്ട് പോർട്ടുകൾ, ഓട്ടോമേഷൻ, ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ എന്നിവ വഴി ചരക്ക് നീക്കം വേഗത്തിലാകുന്നു.

ഗ്രീൻ ഷിപ്പിംഗ്: പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന കപ്പലുകൾക്കായി അന്താരാഷ്ട്രതലത്തിൽ വലിയ നിക്ഷേപങ്ങൾ നടക്കുന്നു.

2. ദേശീയ തലത്തിലുള്ള മാറ്റങ്ങൾ (National Perspective)

ഇന്ത്യയെ ഒരു ആഗോള മാരിടൈം ശക്തിയാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിലാണ്:

സാഗർമാല പദ്ധതി (Sagarmala Project):

തുറമുഖങ്ങളുടെ ആധുനികവൽക്കരണം, കണക്റ്റിവിറ്റി വർധിപ്പിക്കൽ എന്നിവയിലൂടെ ഇന്ത്യയുടെ തീരദേശ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നു.

മാരിടൈം അമൃത് കാൽ വിഷൻ 2047:

അടുത്ത രണ്ട് പതിറ്റാണ്ടിനുള്ളിൽ ഇന്ത്യയെ ലോകത്തിലെ ഏറ്റവും മികച്ച അഞ്ച് മാരിടൈം രാജ്യങ്ങളിൽ ഒന്നാക്കി മാറ്റുകയാണ് ലക്ഷ്യം.

3. അനുബന്ധ മേഖലകളുടെ വികാസം

തുറമുഖം എന്നത് കേവലം കപ്പലുകൾ വരാനുള്ള ഇടമല്ല, മറിച്ച് ഒരു വലിയ സാമ്പത്തിക കേന്ദ്രമാണ്:

ലോജിസ്റ്റിക്സ് & വെയർഹൗസിംഗ്

ബങ്കറിംഗ് (Bunkering)

ക്രൂചേഞ്ച് (Crew Change)

ചുരുക്കത്തിൽ, ലോകം ഒരു 'ബ്ലൂ ഇക്കണോമി' (Blue Economy) അഥവാ സമുദ്ര കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയിലേക്ക് നീങ്ങുകയാണ്. 2024 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ദേശീയ-അന്താരാഷ്ട്ര മാരിടൈം മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടും.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ

മുന്നിൽ കണ്ടുകൊണ്ട് കിൻഫ്ര, നിരവധി സ്ഥലം ഏറ്റെടുക്കാനും, പാർക്കുകൾ നിർമ്മിക്കാനും തീരുമാനിച്ചു. കാട്ടാക്കട താലൂക്കിൽ മണ്ണൂർകര വില്ലേജിൽ 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി തീരുമാനിക്കുകയും, അതനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു. ആയതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരികയാണ്. നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കാനാണ് നിലവിലുദ്ദേശിക്കുന്നത്. റവന്യൂ വകുപ്പിന്റെ പുതുക്കിയ നടപടിക്രമങ്ങൾ അനുസരിച്ചുള്ള വിവിധ ഘട്ടത്തിലുള്ള കാര്യങ്ങൾ നടന്നുവരികയാണ്. സംയുക്ത സ്ഥല പരിശോധന പൂർത്തിയാക്കി, ഡിസ്ട്രിക്ട് ലെവൽ പർച്ചേസ് കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികൾ ജില്ലാകളക്ടർ മുഖാന്തരം നടക്കുകയാണ്. നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിലെ 106 ഏക്കർ ഭൂമിയുടെ പ്രാഥമിക സ്ഥലപരിശോധന പൂർത്തിയാക്കി. ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിശോധന ഒന്നാംഘട്ടത്തിൽ കഴിഞ്ഞു. ഏറ്റെടുക്കേണ്ട ഭൂമിയുടെ ഡോക്യുമെന്റുകൾ കൃത്യമായി ലഭ്യമാകുന്ന ഘട്ടത്തിൽ ആയതിന്റെ തുടർനടപടികൾ

സ്വീകരിക്കുന്നതാണ്. കൂടാതെ നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂർ വില്ലേജിൽ 400 ഏക്കർ ഭൂമിയുടെയും പ്രാഥമിക സ്ഥലപരിശോധന പൂർത്തിയായി.

സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയിലെ സാധ്യത പരിഗണിച്ച് ഈ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കാൻ കിൻഫ്ര പുതുക്കിയ ലാൻഡ് അലോട്ട്മെന്റ് നയം കൊണ്ടുവരികയുണ്ടായി. അതുപ്രകാരം കിൻഫ്ര വ്യവസായ പാർക്കുകളിലോ, മൾട്ടി മോഡൽ ലോജിസ്റ്റിക് പാർക്കുകളിലോ ലോജിസ്റ്റിക് പ്രവർത്തനങ്ങൾക്കും വെയർഹൗസിങ്ങിനുംവേണ്ടി ഒരു പരിധി നിശ്ചയിച്ച് ഭൂമി അലോട്ട് ചെയ്യാവുന്നതാണ്. ഇതിനായി പുതുതായി വരുന്ന കിൻഫ്ര പാർക്കുകളിൽ ഒരു നിശ്ചിത ശതമാനം ഭൂമി മാറ്റിവയ്ക്കുന്നതാണ്. പുതുക്കിയ നയം പ്രകാരം യഥാർഥ അലോട്ടിക്ക് അവർ നിർമ്മിച്ച കെട്ടിട ഭാഗങ്ങൾ മറ്റ് ഓപ്പറേറ്റർമാർക്ക് സബ് ലീസ് ചെയ്യാവുന്നതാണ്. സംസ്ഥാനത്ത് ലോജിസ്റ്റിക് മേഖലയെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ ഒരു പുതിയ ലോജിസ്റ്റിക് പാർക്ക് പോളിസിക്ക് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കിൻഫ്ര പാർക്കുകളിൽ നിരവധി ലോജിസ്റ്റിക് കമ്പനികൾ പ്രവർത്തിച്ചുവരുന്നുണ്ട്.

കളമശ്ശേരി ഹൈടെക് പാർക്ക്, കിൻഫ്ര ടെക്സ്റ്റൈയിൽ സെന്റർ കണ്ണൂർ, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് കാക്കഞ്ചേരി, കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് തലശ്ശേരി, കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് തിരുവനന്തപുരം, കിൻഫ്ര മെഗാ ഫുഡ് പാർക്ക് പാലക്കാട്, തുടങ്ങിയ പാർക്കുകളിൽ സെൻട്രൽ വെയർഹൗസിങ് കോർപറേഷനും മറ്റ് പ്രൈവറ്റ് വെയർഹൗസുകളും പ്രവർത്തിച്ചുവരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായ-ലോജിസ്റ്റിക് വികസനത്തിന് ആവശ്യമായ നയപരവും ആസൂത്രണപരവുമായ നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞു.

ഔട്ടർ റിംഗ് റോഡ്, ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, വിഴിഞ്ഞം-പുനലൂർ-കൊല്ലം വളർച്ചാത്രികോണം തുടങ്ങിയ പദ്ധതികൾക്ക് പ്രാഥമിക അനുമതികൾ ലഭിക്കുകയും നടപ്പാക്കൽ ഘട്ടത്തിലേക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ Multi-Modal Logistics Park, Container Freights Stations (CFSs), വെയർഹൗസുകൾ,

കോൾഡ് ചെയിൻ സൗകര്യങ്ങൾ, Free Trade & Warehousing Zone (FTWZ) തുടങ്ങിയ ലോജിസ്റ്റിക് അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനായി VISL ഭൂമി കണ്ടെത്തൽ ഉൾപ്പടെയുള്ള നടപടികൾ പുരോഗമിക്കുകയാണ്.

അതോടൊപ്പം, IOCL സഹകരണത്തോടെ ബങ്കറിംഗ് സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലായിട്ടുണ്ട്. Container Corporation of India, Central Warehousing Corporation തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങൾ തുറമുഖത്തോട് ചേർന്ന് ലോജിസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കാൻ മുന്നോട്ടുവന്നതും ശ്രദ്ധേയമാണ്.

വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക് പാർക്കുകൾ തുടങ്ങിയവ പൂർണമായി വിപുലപ്പെട്ട ഘട്ടത്തിലേക്ക് ഇനിയും കടക്കാനുണ്ടെങ്കിലും, ഒന്നാം ഘട്ടത്തിൽത്തന്നെ വിഴിഞ്ഞം തുറമുഖത്തെ ഒരു പ്രധാന വാണിജ്യ-ലോജിസ്റ്റിക് മാരിടൈം വ്യവസായ മേഖലയാക്കി മാറ്റുകയും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള കേന്ദ്രമായി

വികസിപ്പിക്കുന്നതിനുള്ള ശക്തമായ അടിസ്ഥാന സൗകര്യങ്ങളും നിക്ഷേപാന്തരീക്ഷവും സൃഷ്ടിച്ചിട്ടുണ്ട്.

(സി) കേരള മാരിടൈം ബോർഡിന്റെ കീഴിലുള്ള കൊല്ലം, ബേപ്പൂർ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ (PPP) വികസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കേന്ദ്ര സർക്കാർ പുതുതായി പുറപ്പെടുവിച്ച തുറമുഖ നിയമം-2025 അനുസരിച്ച് മാരിടൈം സംബന്ധമായ പരാതികൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ സംസ്ഥാനങ്ങളും പരാതി പരിഹാര കമ്മിറ്റി (Dispute Resolution Committee) രൂപീകരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. തുറമുഖ ആക്റ്റ് 2025 നിലവിൽ വരുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നമുറയ്ക്ക് ഇത്തരത്തിലുള്ള ഡിസ്പ്യൂട്ട് റെസൊല്യൂഷൻ കമ്മിറ്റി സർക്കാർ രൂപീകരിക്കുന്നതാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, വിഴിഞ്ഞം തുറമുഖം ഉൾപ്പെടെ മാരിടൈം മേഖലയിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോകുന്നതിന്

ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. കോവളം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കേന്ദ്രീകൃത ചരക്ക് ഗതാഗതത്തിന് രൂപം നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആ പദ്ധതിയുടെ നടപടിക്രമങ്ങൾ പുരോഗിക്കുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഈ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വരുന്നതിന്റെ ഭാഗമായി കേരളത്തിൽ ലോജിസ്റ്റിക് ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് വലിയ സാധ്യതയുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. അത് കണക്കിലെടുത്ത് ഒരു പുതിയ ലോജിസ്റ്റിക് പാർക്ക് നയം രൂപീകരിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകംതന്നെ അത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കുകയും കിൻഫ്ര ഭൂമി ഏറ്റെടുക്കുകയും ചെയ്തുതുടങ്ങിയിട്ടുണ്ട്. നെയ്യാറ്റിൻകര താലൂക്കിലും കാട്ടാക്കട താലൂക്കിലും ഭൂമി കണ്ടെത്തുകയും അതുസംബന്ധിച്ച ആദ്യ നടപടികൾ പൂർത്തീകരിക്കുകയും

ചെയ്തു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സംസ്ഥാനത്തെ പ്രധാന തീരദേശ പട്ടണങ്ങളിൽ ഒന്നായ കൊടുങ്ങല്ലൂരിലെ കോട്ടപ്പുറം മുതൽ എറണാകുളം വരെ വലിയ ചരക്കുബോട്ടുകളും യാത്രാ ബോട്ടുകളും സർവീസ് നടത്തിയിരുന്ന ജലപാത, ഇന്ന് വേണ്ടവിധം ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ചരക്ക് നീക്കത്തിനും വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കും ഏറെ പ്രയോജനപ്പെടുന്ന കൊടുങ്ങല്ലൂർ ജലപാത വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അതുസംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന് ആലോചിച്ചിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കേരളത്തിലെ വിഴിഞ്ഞം പോർട്ടും ചെറുകിട പോർട്ടുകളുമെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനങ്ങൾ ചെയ്യുന്നുവെന്നും കൂടാതെ ഒരു ലോജിസ്റ്റിക് പാർക്ക് നിർമ്മിക്കുന്ന കാര്യവും അങ്ങ് പറഞ്ഞു. ആധുനികമായ ഗ്രീൻ പോർട്ട് പരിസ്ഥിതി സൗഹൃദ സ്മാർട്ട്

പോർട്ടുകളായി മാറുന്നുണ്ട്. ഗ്രീൻ ഹൈഡ്രജൻ സംവിധാനങ്ങൾ കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ചെയ്യുന്നുണ്ട്. ഇന്ത്യയിലെ മാരിടൈം ഇന്നവേഷൻ ഹബ്ബാക്കി കേരളത്തെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; ലോജിസ്റ്റിക് മേഖലയിൽ എ.ഐ., ഐ.ഒ.ടി. അടക്കമുള്ളവ സംവിധാനങ്ങൾ കൊണ്ടുവരുന്നതിനും മാരിടൈം ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ച് മാരിടൈം സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാനും ഈ മേഖലയിൽ യുവതലമുറയ്ക്ക് വ്യവസായ സാധ്യതകൾ ഒരുക്കാനും കഴിയുന്ന രീതിയിലുള്ള സംവിധാനമുണ്ടാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, പുതിയ വ്യവസായ സാധ്യതകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, കേരളത്തിന്റെ സമുദ്ര തീരത്ത് തുറമുഖത്തിനായി പ്രഖ്യാപനം നടത്തിയ മേഖല കേന്ദ്രീകരിച്ച് സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, 2025 മേയ് മാസം 25-ാം തീയതിയാണ് MSC ELSA3 എന്ന കപ്പൽ കടലിൽ മുങ്ങിയത്. അറുന്നൂറോളം കണ്ടെയ്നറുകളും ഡീസലും ബങ്കർ ഓയിലും ഉൾപ്പെടെ കടലിൽ മുങ്ങിക്കിടക്കുകയാണ്. ഇന്ത്യൻ പോർട്ട് ആക്റ്റിന്റെയും ഇന്ത്യൻ മറൈൻ ഷിപ്പിങ് ആക്റ്റിന്റെയും ഇന്റർനാഷണൽ കൺവെൻഷനുകളുടെയെല്ലാം അടിസ്ഥാനത്തിൽ കപ്പലുടമകളാണ് അവയെല്ലാം നീക്കം ചെയ്യേണ്ടത്. അവർ ചെയ്തില്ലെങ്കിൽ സർക്കാർ ഇടപെട്ട് അത് നീക്കം ചെയ്യണമെന്നതാണ് നിയമം. എന്നാൽ കേന്ദ്ര സർക്കാർ അത് നീക്കം ചെയ്യാതിരിക്കുകയും അവിടുത്തെ പരിസ്ഥിതിയെയും ജനങ്ങളെയും മത്സ്യത്തൊഴിലാളികളെയും വളരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതിനാൽ ഇത് നീക്കം ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അന്താരാഷ്ട്ര കപ്പൽചാലിലൂടെ വരുന്ന

കപ്പലുകൾ മുങ്ങിയാൽ കേന്ദ്ര ഷിപ്പിങ് മന്ത്രാലയമാണ് നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകേണ്ടത്. കേരളം അക്കാര്യം കൃത്യമായി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒപ്പം സംസ്ഥാനത്തിന് സംഭവിച്ച നഷ്ടം ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, വിഴിഞ്ഞം പദ്ധതിയെ തടസ്സപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചവർക്കുമുമ്പിൽ അത് യാഥാർഥ്യമാക്കിയ, 2028-ഓടുകൂടി പൂർണ്ണമായി കമ്മീഷൻ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഗവൺമെന്റിനെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയാണ്. നെയ്യാറ്റിൻകരയുമായി ഏറ്റവും അടുത്തുള്ള സ്ഥലമാണ് വിഴിഞ്ഞം തുറമുഖം. തുറമുഖത്തിന്റെ ഭാവി വികസനത്തിൽ നെയ്യാറ്റിൻകരയെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാക്കി മാറ്റുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ കഴിയുമോ; അതുസംബന്ധിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിലവിൽ നെയ്യാറ്റിൻകര താലൂക്കിൽ 406 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക നടപടികൾ

ആരംഭിച്ചുകഴിഞ്ഞു. അതിന്റെ അടുത്ത ഘട്ടം സംബന്ധിച്ച് ജില്ലാതലത്തിൽ ആലോചനകൾ നടത്തിയിട്ടുണ്ട്. അത്തരത്തിൽ വലിയ വികസനം സാധ്യമാക്കാനുള്ള നടപടികൾ പുരോഗിക്കുന്നുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, വൻകിട തുറമുഖങ്ങൾ നിക്ഷേപ സമാഹരണത്തിലൂടെ മുന്നേറുമ്പോൾ പൗരാണിക വ്യാപാര കവാടമായിരുന്ന വടകര തുറമുഖം പോലെയുള്ള ചെറുതുറമുഖങ്ങൾ ദൈനംദിന ചെലവുകൾക്ക് പോലും വലിയ ബുദ്ധിമുട്ട് നേരിടുകയാണ്. സാധാരണക്കാരായ മണൽ വാരൽ തൊഴിലാളികൾ കടലാഴങ്ങളിൽ പതിയിരിക്കുന്ന അപകടങ്ങൾക്കിടയിലൂടെ മുങ്ങിത്തപ്പി വാരുന്ന മണൽ വിൽപനയിലൂടെയാണ് ഇപ്പോൾ തുറമുഖത്തിന്റെ ദൈനംദിന ചെലവുകൾപോലും വഹിക്കുന്നത്. മണൽവാരുന്ന തൊഴിലാളികൾക്ക് മതിയായ കൂലിയോ അപകട ഇൻഷ്വറൻസോ ക്ഷേമനിധി പോലുള്ള ആനുകൂല്യങ്ങളോ ലഭ്യമാകുന്നില്ല. ഇതുസംബന്ധിച്ച് തൊഴിലാളികളും ഉദ്യോഗസ്ഥന്മാരും ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച നടത്തിയിരുന്നു. പക്ഷേ ഒരു നടപടിയും ഉണ്ടായിട്ടില്ല.

ഈ തൊഴിലാളികളുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും വർധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ കൂടി സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കും.

ഡോ. സുജിത് വിജയൻപിള്ള: സർ, നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം ഹൈക്കോടതിയിലുണ്ടായിരുന്ന ഒരു വ്യവഹാരത്തിന്റെ ഫലമായി ഏകദേശം പത്ത് വർഷക്കാലം മുടങ്ങിക്കിടക്കുകയായിരുന്നു. ഇപ്പോൾ കോടതി വിധി വരികയും അതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. അതിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഗ്ലോബൽ എക്സ്പ്രഷൻസ് ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ടായിരുന്നു. നിർമ്മാണം വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, നീണ്ടകരയിലെ മാരിടൈം

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. താൽപര്യപത്രം ക്ഷണിക്കുകയും അതുമായി ബന്ധപ്പെട്ട നടപടികൾ മുന്നോട്ടുനീങ്ങുകയുമാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ കപ്പൽ ജീവനക്കാരുള്ള പ്രദേശമാണ് മഞ്ചേശ്വരം. അവരെ 'സീമെൻസ്' എന്നാണ് വിളിക്കുന്നത്. ഏതെങ്കിലും ഒരു കപ്പൽ കിഡ്നാപ് ചെയ്തെന്നറിയുമ്പോൾ എന്റെ നാട് വല്ലാതെ ടെൻഷനടിക്കാറുണ്ട്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഒരു മാരിടൈം അക്കാദമി സ്ഥാപിക്കുന്നതിനുള്ള ആലോചനകളും ചർച്ചകളും വർഷങ്ങളായി നടക്കുന്നുണ്ട്. ഞാനടക്കം ഇക്കഴിഞ്ഞ നാലരവർഷക്കാലം സഭയിലും ബഹുമാനപ്പെട്ട മന്ത്രിയെ നേരിൽക്കണ്ടും ഇക്കാര്യം ബോധിപ്പിച്ചിട്ടുള്ളതാണ്. കപ്പൽ തൊഴിലാളികളുടെ മക്കൾക്ക് ഒരു സർട്ടിഫിക്കറ്റ് വാങ്ങണമെങ്കിൽ മുംബൈ അല്ലെങ്കിൽ ഡൽഹിയെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. അതുകൊണ്ട് മഞ്ചേശ്വരത്ത് ഒരു മാരിടൈം അക്കാദമി സ്ഥാപിക്കുന്ന കാര്യം അങ്ങയുടെ

പരിഗണനയിലുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിലവിൽ കൊടുങ്ങല്ലൂരിലും നീണ്ടകരയിലുമാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളുള്ളത്. ഒരു അക്കാദമി സ്ഥാപിക്കുന്ന കാര്യം ഭാവിയിൽ ആലോചിക്കാവുന്നതാണ്. നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് റെയിൽ കണക്ടിവിറ്റിക്ക് എത്ര കോടി രൂപയാണ് ചെലവാകുന്നത്; എന്നത്തേക്ക് അത് പൂർത്തിയാകും?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, 10.27 കിലോമീറ്ററാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ആവശ്യമായി വരുന്ന റെയിൽപാത. അതിൽ 9.2 കിലോമീറ്റർ തുരങ്ക പാതയാണ്. നിലവിൽ അതിന്റെ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ 1482 കോടി രൂപ ഇതിനായി മാറ്റി വച്ചിട്ടുണ്ട്. രണ്ട് വില്ലേജുകളിൽ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കിയുള്ള

കൊങ്കൺ റെയിൽവേയുടെ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, പൊതുവിൽ അപ്രധാനവും അപ്രസക്തവുമെന്ന് കരുതിയ മേഖലയായിരുന്നു കേരളത്തെ സംബന്ധിച്ച് തുറമുഖം. എന്നാൽ, ഗവൺമെന്റും തുറമുഖ വകുപ്പും നടത്തിയ ഇടപെടലുകളുടെ ഭാഗമായി ഇന്ന് ലോകശ്രദ്ധയാകർഷിക്കുന്ന നിലയിൽ വിഴിഞ്ഞം തുറമുഖം മാറിയിട്ടുണ്ട്. എന്റെ ചോദ്യം, തുറമുഖ വകുപ്പിനുകീഴിലുള്ള നിഷ്ക്രിയാസ്തികൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിഷ്ക്രിയാസ്തികളായിട്ടുള്ള ഭൂമി, കെട്ടിടങ്ങൾ, ചില ബംഗ്ലാവുകൾ എന്നിവ ടെൻഡർ ചെയ്ത് പുനരുദ്ധരിച്ച് വീണ്ടും ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നു. ഉടൻതന്നെ തുടർനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ബേപ്പൂർ തുറമുഖം, കാലിക്കറ്റ്

ഇന്റർനാഷണൽ എയർപോർട്ട്, നിർമ്മാണം പുരോഗമിച്ചുവരുന്ന ദേശീയ പാത എന്നീ സാധ്യതകൾ പരിഗണിച്ച് മലപ്പുറം, കോഴിക്കോട് ജില്ലകളിലെ അതിർത്തി പ്രദേശങ്ങളിൽ ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കാൻ എന്തെങ്കിലും തരത്തിലുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അക്കാര്യം ഭാവിയിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ഗവൺമെന്റ് പ്രഖ്യാപിച്ച മലബാർ ഇന്റർനാഷണൽ ഗ്രീൻഫീൽഡ് പോർട്ട് യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞിരുന്നു. അതുസംബന്ധിച്ചുള്ള അനുമതി ലഭ്യമായിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ പ്രസ്തുത പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അയച്ചിരിക്കുകയാണ്.

അംഗീകാരം ലഭിച്ചാലുടൻ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, വിഴിഞ്ഞം പദ്ധതി കേരളത്തിൽ നടപ്പാക്കാൻ ശ്രമിച്ചപ്പോൾ ആറായിരം കോടി രൂപയുടെ അഴിമതിയാണ് അന്ന് ഉന്നയിച്ചത്. എന്നാൽ അതിനുശേഷവും ടി പദ്ധതി നടപ്പാക്കാൻ കേരളത്തിൽ അധികാരത്തിൽവന്ന സർക്കാരുകൾക്ക് സാധിച്ചിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയുമായി കണക്ട് ചെയ്യുന്ന നാഷണൽ ഹൈവേ എന്ന് പൂർത്തിയാകും?

ശ്രീ. വി. എൻ. വാസവൻ: സർ, പ്രസ്തുത ഹൈവേയുടെ അപ്രോച്ച് റോഡ് കഴിഞ്ഞ ദിവസം  ഉദ്ഘാടനം ചെയ്തു, ഫെബ്രുവരി മാസത്തിൽത്തന്നെ കണക്ഷനാകും. കഴിഞ്ഞു. ഇനിയുള്ളത് ഫ്ലഡ് റിലീഫ് റോഡും റിങ് റോഡുമുൾപ്പെടെയുള്ള മറ്റു കണക്റ്റിവിറ്റികളാണ്. അതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിവരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

## കേന്ദ്രാവഗണന മൂലമുള്ള സാമ്പത്തിക സ്ഥിതിവിശേഷം തരണം ചെയ്യാൻ നടപടി

(*33)<u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രവിഹിതം വർധിപ്പിക്കുന്നതിന് ആനുപാതികമായി കേരളത്തിന് അർഹതപ്പെട്ട വിഹിതം കേന്ദ്രസർക്കാർ വർധിപ്പിക്കുന്നുണ്ടോ; കേന്ദ്ര വിഹിതം കാലവിളംബം കൂടാതെ സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിത തുകയിൽനിന്നും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിവിധ ഇനങ്ങളിൽ ഉണ്ടായിട്ടുള്ള വരുമാന നഷ്ടം എത്രയെന്ന് വിശദമാക്കുമോ;

(സി) കേന്ദ്രസർക്കാരിന്റെ വിവിധ സൂചികകൾ പ്രകാരം സംസ്ഥാനം

പുരോഗതി നേടിയിട്ടും കേന്ദ്രസർക്കാരിൽനിന്നും കൂടുതൽ വിവേചനം നേരിടുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) നിലവിലെ സാമ്പത്തിക സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് സർക്കാർ നടത്തുന്ന ധനദൃഢീകരണ പ്രവർത്തനങ്ങൾക്ക് കഴിയുന്നുണ്ടോ; ഈ പ്രവർത്തനങ്ങളെ കേന്ദ്രസർക്കാരിന് കീഴിലുള്ള സ്ഥാപനങ്ങൾ പ്രകീർത്തിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ&ബി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം. ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷനിൽ 3.88 ശതമാനമായിരുന്ന നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.925 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഇതിലൂടെ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ

വരുമാനത്തിൽ വർഷംതോറും ഉണ്ടാകുന്നത്. പന്ത്രണ്ടാം ധനകാര്യ കമ്മീഷനുമായി താരതമ്യം ചെയ്യുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ തദ്ദേശ ഗ്രാന്റിനത്തിലുള്ള വിഹിതത്തിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് കേരളത്തിനായിരുന്നു. ഉത്തർ പ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ, രാജസ്ഥാൻ തുടങ്ങി ഇരുപതോളം സംസ്ഥാനങ്ങൾക്ക് വിഹിതത്തിൽ വർധനവാണ് ഉണ്ടായിട്ടുള്ളത്. നികുതി വിഹിതം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകാറില്ല. എന്നാൽ ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള മറ്റുഗ്രാന്റുകൾ ലഭിക്കുന്നതിൽ വിവിധ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുള്ളതിനാൽ കാലതാമസം നേരിടാറുണ്ട്.

പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വരെ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ശിപാർശ ചെയ്ത വിഹിതം (ശതമാന കണക്കിൽ) പട്ടികയായി ചുവടെ ചേർക്കുന്നു.

| **ധനകാര്യ കമ്മീഷൻ** | **കേരളത്തിന് ലഭിച്ച വിഹിതം** |
|---|---|

| | | (ശതമാനത്തിൽ) |
|---|---|---|
| X (1995-2000) | | 3.88 |
| XI (2000-05) | | 3.06 |
| XII (2005-10) | | 2.67 |
| XIII (2010-15) | | 2.34 |
| XIV (2015-20) | | 2.50 |
| XV | (2020-21) | 1.943 |
| | (2021-26) | 1.925 |

മേൽ പറഞ്ഞ പ്രകാരമുള്ള കുറവാണ് വന്നിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ കേന്ദ്ര പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ ലഭ്യമാകുന്ന തുകയിൽ ഗണ്യമായ കുറവാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി മുൻ വർഷങ്ങളിലേതുൾപ്പെടെ 2025 സെപ്തംബർ മാസം വരെ കേന്ദ്ര സർക്കാരിൽനിന്ന് 5650.45 കോടി രൂപ ലഭിക്കുവാനുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽനിന്നും

+ അനുബന്ധമായി ചേർത്തിട്ടുണ്ട്

നേടിയെടുക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകിക്കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതിനു പുറമേ ബഹു.മുഖ്യമന്ത്രിയും ബഹു.വകുപ്പ് മന്ത്രിമാരും കേന്ദ്രമന്ത്രിമാരുമായി നേരിട്ട് ഇത് സംബന്ധിച്ച് ആശയവിനിമയം നടത്തി വരുന്നുണ്ട്.

(സി) ജനസംഖ്യാ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി നടപ്പാക്കിയതും വികസന നേട്ടങ്ങൾ ആർജിച്ചതും കേന്ദ്ര ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിനു ലഭിക്കേണ്ട നികുതി വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണുള്ളത്. കേന്ദ്ര നികുതി വിഹിതം

സംസ്ഥാനങ്ങൾക്ക് വിഭജിച്ചു നൽകിയതിനു ശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന വെർട്ടിക്കൽ ഫിസ്കൽ ഇംബാലൻസ് (Vertical Fiscal Imbalance) പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ ഏറ്റവും കുറഞ്ഞത് 50% എങ്കിലും സംസ്ഥാനങ്ങളുമായി പങ്കുവെക്കണമെന്നുള്ള വ്യക്തമായ വാദങ്ങളും മറ്റ് സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ കാര്യമായ മാറ്റം വരാത്ത വിധവും കേരളത്തിന് മെച്ചപ്പെട്ട വിഹിതവും ലഭിക്കുന്നതിനായി സംസ്ഥാനങ്ങൾക്കിടയിലുള്ള തിരശ്ചീന നികുതി വിഭജനത്തിനായി (Horizontal Devolution) സ്വീകരിക്കേണ്ട മാനദണ്ഡങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിവേദനം പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള സംയുക്ത റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടെങ്കിലും അത് അനൗൺസ് ചെയ്തിട്ടില്ല.

(ഡി) ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. ഈ സാഹചര്യത്തിൽ നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിച്ചു കൊണ്ട് വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടർച്ച നൽകാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്. വരവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർധിപ്പിച്ചും പദ്ധതി ചെലവുകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. വികസന ക്ഷേമ പ്രവർത്തനങ്ങൾ

ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്. കേരളം വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലേക്ക് തിരിച്ചുവന്നിരിക്കുന്നുവെന്നാണ് സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. റവന്യൂ വരുമാനം സമാഹരിക്കുന്നതിൽ സംസ്ഥാനം മികച്ച പ്രകടനമാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ 75 ശതമാനവും തനത് നികുതി, നികുതിയേതര വരുമാനത്തിൽ നിന്നായിരുന്നു. ഇത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടേതിൽനിന്ന് വ്യത്യസ്തമാണ്. ഇപ്രകാരം സാമ്പത്തിക രംഗത്ത് സംസ്ഥാനത്തെ ശ്വാസം മുട്ടിക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്രം നടത്തുന്നതെങ്കിലും 2020-21-ൽ 38.47 ശതമാനമായിരുന്ന കട ബാധ്യത – ആഭ്യന്തര ഉൽപാദന അനുപാതം 2024-25-ൽ 34.87 ശതമാനത്തിലേക്ക് താഴ്ന്നു. സി.&എ.ജി.യുടെ State Finances 2022-23 റിപ്പോർട്ട് പ്രകാരം Public Debt, ജി.എസ്.ഡി.പി.യുടെ 24.71 ശതമാനമാണ്. കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം 2015-16-ൽ 5.61 ലക്ഷം കോടി

രൂപയായിരുന്നത് 2024-25-ൽ 12.49 ലക്ഷം കോടി രൂപയായി വർധിച്ചിട്ടുണ്ട്. ശരാശരി 12 ശതമാനം സാമ്പത്തിക വളർച്ച സാധിക്കുന്നുണ്ട്. ആളോഹരി വരുമാനം 2016-ലെ 1,64,554 രൂപയിൽനിന്ന് 2024-ൽ 3,17,723 രൂപയിലെത്തിയിരുന്നു. കേരളത്തിന്റെ ധന മാനേജ്മെന്റ് മെച്ചപ്പെട്ട നിലയിലാണെന്ന് ആർ.ബി.ഐ.-യുടെ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റുകളെ സംബന്ധിച്ച പഠന റിപ്പോർട്ടും സി.&എ.ജി.-യുടെ 2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ടും സൂചിപ്പിക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, കേന്ദ്ര സർക്കാർ കേരളത്തിന് അർഹതപ്പെട്ട സാമ്പത്തിക വിഹിതം നൽകാതെ ബുദ്ധിമുട്ടിക്കുമ്പോഴും കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്ന സർക്കാരിനെയും ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയെയും ഞാൻ അഭിനന്ദിക്കുകയാണ്. ബി.ജെ.പി. അനുകൂല സർക്കാരുകൾക്ക് കേന്ദ്ര സർക്കാർ, അവിഹിതമായ സഹായം നൽകുന്ന കാര്യം

അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാമ്പത്തിക ഉപരോധം കാരണമുണ്ടായ പ്രതിസന്ധികൾ വിശദീകരിക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇന്ത്യയിലെ സംസ്ഥാനങ്ങളോട് കേന്ദ്ര സർക്കാർ വ്യത്യസ്തമായ സമീപനമാണ് സ്വീകരിക്കുന്നതെന്ന പരാതി വിവിധ സംസ്ഥാനങ്ങളും ഉന്നയിക്കുന്നുണ്ട്. പുതിയ Rate Rationalisation-ന് മുമ്പ് ഇന്ത്യയിലെ എട്ട് പ്രതിപക്ഷ സംസ്ഥാനങ്ങളുടെ ഒരു യോഗം ചേർന്നിരുന്നു. കോൺഗ്രസ് ഭരിക്കുന്ന മൂന്ന് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരും അതിൽ പങ്കെടുത്തിരുന്നു. ഈ വിഷയം സംബന്ധിച്ച് ഒരേ അഭിപ്രായമാണ് അന്നത്തെ യോഗത്തിൽ പങ്കെടുത്ത എല്ലാവരും പറഞ്ഞത്. അടുത്ത സാമ്പത്തിക വർഷം കേരളത്തിന് എണ്ണായിരത്തോളം കോടി രൂപ നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഇത് പരിഹരിക്കുന്നതിനായി കോമ്പൻസേഷൻ തുടങ്ങിയ കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഒരേ രീതിയിലല്ല വരുമാനം ലഭിക്കുന്നത്. നേരത്തെ

ധനകാര്യ കമ്മിഷൻ വിഹിതം ഓരോ സംസ്ഥാനത്തിനും നൽകുമ്പോൾ കേരളം, ആസ്സാം, ജാർഖണ്ഡ്, ഒറീസ്സ എന്നീ സംസ്ഥാനങ്ങൾക്ക് ഒരേ ശതമാനമാണ് നൽകിയിരുന്നത്. അത് മൂന്നര ശതമാനത്തിനടുത്താണ്. അത് കേരളത്തിന് 1.9 ശതമാനം ലഭിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങൾക്ക് മുമ്പുണ്ടായിരുന്നതന്നെ കിട്ടുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം കൊടുക്കുന്നതിൽ കേരള സർക്കാരിന് എതിരൊന്നുമില്ല. നിലവിൽ കേരളത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 75 ശതമാനത്തോളം സംസ്ഥാനം തന്നെ കണ്ടെത്തേണ്ട സ്ഥിതിയാണുള്ളത്. ഓരോ സംസ്ഥാനത്തിന്റെയും റവന്യൂ വരുമാനത്തിന്റെ 53 ശതമാനം വരെ കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള transfer ആണ്. അക്കാര്യം ഞങ്ങൾ ഉന്നയിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാർ നൽകുന്ന വിഹിതം സംസ്ഥാനത്തെ ജനങ്ങൾക്കാണ് ലഭിക്കേണ്ടത്, അല്ലാതെ ഗവൺമെന്റിനോ, ഒരു മുന്നണിക്കോ അല്ല. സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭിക്കേണ്ട പണം കൃത്യമായി ലഭിക്കുന്നില്ല. രണ്ടരലക്ഷത്തോളം കോടി രൂപ കഴിഞ്ഞ അഞ്ചുവർഷം

കൊണ്ടുമാത്രം സംസ്ഥാനത്തിന് കിട്ടാനുണ്ട്. ഈ തുക ലഭിക്കുന്നതിന് സുപ്രീം കോടതിയിൽ വരെ പോയി ഫൈറ്റ് ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ഫിസ്കൽ ഫെഡറലിസത്തിന്റെ ഇഷ്യൂ വളരെ ഗൗരവായി ഉന്നയിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അദ്ദേഹം ആ ഭാഗം വായിക്കാതിരുന്നതിനെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂട്ടിച്ചേർക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. കേരളം ഇക്കാര്യത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ശ്രീ. പി. നന്ദകുമാർ: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രയാസം തരണം ചെയ്യാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്?

**ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തൊട്ടുമുമ്പത്തെ ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞ പ്രശ്നങ്ങൾ സംസ്ഥാനത്തിന്റെ ദൈനംദിന സാമ്പത്തിക കാര്യങ്ങളെ ബാധിക്കുന്നുണ്ടെങ്കിലും ഏതെങ്കിലും പ്രവർത്തനങ്ങളോ**

പദ്ധതികളോ നിർത്തിവച്ചിട്ടില്ലെന്ന് കണക്കുനോക്കിയാൽ കൃത്യമായി മനസ്സിലാകും. കഴിഞ്ഞ പത്തോ ഇരുപതോ അല്ലെങ്കിൽ അമ്പതുവർഷത്തെ കണക്കെടുത്താൽ ഓരോ ഘട്ടത്തിലും ഉണ്ടായിട്ടുള്ള ചെലവുകളുടെ വളർച്ചാ തോതിൽനിന്ന് ഇപ്പോഴും പിറകോട്ട് പോയിട്ടില്ല. മുൻ വർഷങ്ങളിലെ രണ്ട് ഗവൺമെന്റിന്റെ കണക്കെടുത്താൽ, ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഒരു വർഷത്തെ ശരാശരി ചെലവ് ഒരു ലക്ഷത്തി പതിനേഴായിരം കോടി രൂപയായിരുന്നെങ്കിൽ സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതത്തിൽ ഇപ്പോൾ രണ്ടര ലക്ഷത്തോളം കോടി രൂപയുടെ കട്ടിങ് വന്നിട്ടും ഒരു വർഷം ഒരു ലക്ഷത്തി എഴുപതിനായിരം കോടിയിലധികം എന്ന നിലയിലേക്ക് ആവറേജ് എക്സ്പെൻഡിച്ചർ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്രയും കട്ടിങില്ലായിരുന്നെങ്കിൽ, ഒരു വർഷം അമ്പതിനായിരം കോടി രൂപയെങ്കിലും കേരളത്തിന് കിട്ടിയിരുന്നെങ്കിൽ എത്രത്തോളം മാറ്റമുണ്ടാകുമായിരുന്നുവെന്നുകൂടി ചിന്തിക്കണം. ഈ പ്രതിസന്ധി പരിഹരിച്ചത് എല്ലാവരുടെയും പിന്തുണയോടുകൂടിയാണ്. വ്യവസായം, കാർഷികം

ഉൾപ്പെടെയുള്ള മേഖലകളിലുണ്ടായ വളർച്ച കൊണ്ടാണ് ഗവൺമെന്റിന് ഈ പ്രതിസന്ധിയെ നേരിടാൻ കഴിഞ്ഞത്. നികുതി വർധിപ്പിക്കാൻ കഴിയില്ല. പക്ഷേ, നികുതി കൃത്യമായി പിരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് കേന്ദ്ര നിലപാട് കാരണം തകർന്നുപോകുമായിരുന്ന സ്ഥിതിയിൽനിന്ന് തകരാതെ പിടിച്ചുനിന്ന് മുന്നോട്ടുപോകുന്നതെന്നുള്ളത് അഭിമാനപരമായ കാര്യമാണ്. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ചുള്ള എക്കണോമിക് സർവെയുടെ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നുണ്ട്. അതിൽ ഇതുസംബന്ധിച്ചുള്ള കാര്യങ്ങൾ വിശദമായി പറയുന്നുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, ഫെഡറൽ സംവിധാനം നിലനിൽക്കുന്ന ഒരു രാജ്യത്ത് കേന്ദ്ര സർക്കാർ പകയും വിവേചനവും കേരളത്തോട് കാണിക്കുകയാണ്. വിധവാ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് നൽകേണ്ട കേന്ദ്ര വിഹിതം നൽകുന്നില്ല. നാഷണൽ ഹെൽത്ത് മിഷൻ വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട തുക നൽകുന്നില്ല.

അതുവഴി ആരോഗ്യപ്രവർത്തകർക്കും ഡോക്ടർമാർക്കും വേതനം നൽകാനാവാത്ത സ്ഥിതി വിശേഷമുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന് ഏൽക്കേണ്ടി വരുന്ന അധികഭാരം എങ്ങനെയാണ് മറികടക്കാനാവുക?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അധികഭാരം ധാരാളം ഉണ്ടാകുന്നുവെന്നു മാത്രമല്ല, ഞാൻ ഈ വർഷത്തെ കണക്കുതന്നെ പറഞ്ഞുവല്ലോ? കേന്ദ്രവും സംസ്ഥാനവും ചേർന്നുള്ള പദ്ധതികളിൽ കേന്ദ്ര വിഹിതമായി കിട്ടേണ്ട അയ്യായിരത്തി അറുന്നൂറ് കോടിയോളം രൂപ ഇതിനകംതന്നെ പെൻഡിങ്ങാണ്. ഫീസോ, നികുതിയോ വർധിപ്പിക്കാൻ സാധിക്കില്ല. കേരളത്തിന്റെ ജി.എസ്.ടി. ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള ജി.എസ്.ടി. കൗൺസിലാണ്. മദ്യത്തിന്റെയും പെട്രോളിന്റെയും വില കൂട്ടാൻ കഴിയില്ല. മദ്യത്തിന് വില കൂട്ടിയാൽ മയക്കുമരുന്നിന്റെ ഉപയോഗം വർധിക്കും.

അതുകൊണ്ട് നിലവിലുള്ള വരുമാനം വളരെ എഫക്ടീവായി ഉപയോഗിച്ചുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. കാര്യങ്ങൾ കൃത്യമായി പ്ലാൻ ചെയ്തുകൊണ്ടുപോകുവാനാണ് ശ്രമിക്കുന്നത്. ഒരു കാര്യത്തിലും കുറവ് വന്നിട്ടില്ലെന്നു മാത്രമല്ല എല്ലാ മേഖലയിലും പണം കൂടുതൽ ചെലവാക്കാനും നം കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ജനങ്ങളുടെ ആകെ സഹകരണത്തോടുകൂടിയാണ് ഗവൺമെന്റ് ഇക്കാര്യങ്ങൾ ചെയ്യുന്നത്.

ശ്രീ. പി. പി. സുമോദ്: സർ, കേരളം സാമൂഹ്യ പുരോഗതിയുടെ കാര്യത്തിൽ ഒട്ടേറെ മുന്നിലാണ്. ചികിത്സാ രംഗത്തും വിദ്യാഭ്യാസ മേഖലകളിലുമൊക്കെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി വലിയ പുരോഗതി നേടാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഈ സൂചകങ്ങൾ മറയാക്കി കേരളത്തിന് അർഹതപ്പെട്ട വിഹിതം കേന്ദ്രം തടയുകയാണ്. കേരളം ഉൾപ്പെടെയുള്ള ബി.ജെ.പി. ഇതര സംസ്ഥാന ഗവൺമെന്റുകൾക്കെതിരെ അതിശക്തമായ സാമ്പത്തിക ഉപരോധം തീർക്കുന്നു. ഈ സാമ്പത്തിക

അടിയന്തിരാവസ്ഥയ്ക്കെതിരെ ദക്ഷിണേന്ത്യയിലെ ബി.ജെ.പി. ഇതര ധനമന്ത്രിമാരുടെ യോഗത്തിന്റെ പ്രാധാന്യവും അനന്തര ഫലവും വിശദമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ധനകാര്യ കമ്മീഷന്റെ ചർച്ചകൾ നടക്കുന്ന ഘട്ടത്തിൽ കേരളത്തിൽ ബി.ജെ.പി. ഇതര ധനകാര്യമന്ത്രിമാരുടെ ഒരു സമ്മേളനം നടത്തിയിരുന്നു. കേരളം, കർണ്ണാടക, തമിഴ്നാട്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾ പങ്കെടുത്തിരുന്നു. പഞ്ചാബും ഇക്കാര്യത്തിൽ സഹകരിച്ചിരുന്നു. ധനകാര്യ കമ്മീഷന്റെ സമീപനത്തെ സംബന്ധിച്ചും ഇന്ത്യയിലെ സ്റ്റേറ്റുകളോട് തുല്യമായി ഇടപെടേണ്ട കാര്യത്തെ സംബന്ധിച്ചും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്താൻ ഫിസ്കൽ ഫെഡറലിസം സംരക്ഷിക്കേണ്ട കാര്യത്തെപ്പറ്റിയും വളരെ മികച്ച ഒരു സെമിനാറാണ് നടന്നത്. നേരത്തെ ബി.ജെ.പി.-യുടെ കാര്യങ്ങളിൽ അഡ്വൈസറായ ഒരു എക്കണോമിസ്റ്റ്, ശ്രീ. അരവിന്ദ് സുബ്രഹ്മണ്യവും

അതിൽ പങ്കെടുത്തിരുന്നു. കോൺഗ്രസ്സ് ഗവൺമെന്റിന്റെ കാലത്ത് വേൾഡ് ബാങ്കിൽ ജോലി ചെയ്തിരുന്ന പ്രശസ്തനായ എക്കണോമിസ്റ്റായിരുന്ന അദ്ദേഹം ജി.എസ്.ടി.-യുടെ എക്കണോമിക് അഡ്വൈസറായിരുന്നു. 14.5 ശതമാനം റവന്യൂ ന്യൂട്രൽ, അതായത് ആകെ 100 രൂപ കളക്ട് ചെയ്യുമ്പോൾ ആവറേജ് ടാക്സ് 14.5 ശതമാനം ആണെന്നുള്ളത് ഫിക്സ് ചെയ്തത് അദ്ദേഹമാണ്. കേന്ദ്ര സംസ്ഥാന ബന്ധങ്ങളിലും ജി.എസ്.ടി.-യുടെ കാര്യങ്ങളിലും ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നിലപാടുകൾ എത്രത്തോളം പഴയ കൺസപ്റ്റിൽനിന്ന് ഡീവിയേറ്റ് ചെയ്യുന്നുവെന്നുള്ള കാര്യം അദ്ദേഹം ഉൾപ്പെടെ പറഞ്ഞിരുന്നു. ധനകാര്യ മന്ത്രിമാരുടെ യോഗത്തിന്റെ ഭാഗമായി സംസ്ഥാനങ്ങളോട് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നതിൽ ഒരു വേർതിരിവുണ്ടെന്ന് തോന്നിക്കുന്ന തരത്തിലേക്ക് ധനകാര്യ കമ്മീഷനുമുമ്പിൽ കാര്യങ്ങൾ എത്തിക്കാനും പിന്നീടുള്ള കാര്യങ്ങളിൽ ഇടപെടാനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ എഫക്ട് ഉണ്ടാകുമെന്നുതന്നെയാണ് കരുതുന്നത്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാതെ തൊഴിലുറപ്പ് പദ്ധതിയെ തകർക്കുന്ന യൂണിയൻ ഗവൺമെന്റ് പുതുതായി അടിച്ചേൽപ്പിച്ച നിയമം സംസ്ഥാന ഗവൺമെന്റിനുണ്ടാക്കിയ സാമ്പത്തിക ബാധ്യത എത്രയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തൊഴിലുറപ്പ് പദ്ധതിയുടെ കാര്യത്തിൽ അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. അതിന്റെ പേരും ഘടനയും കൺസെപ്റ്റും മാറ്റി. ഇടതുപക്ഷത്തിന്റെ പിന്തുണയുള്ള ഒന്നാം യു.പി.എ.-യുടെ സമയത്ത് ഇടതുപക്ഷം ആവശ്യപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുകയെന്നുള്ളതാണ്. യു.പി.എ. നേതൃത്വത്തിന് അതത്ര ഇഷ്ടപ്പെട്ടിരുന്നില്ലായെന്നുള്ളത് ഒരു വസ്തുതയാണ്. പക്ഷേ, ഗ്രാമീണ മേഖലകളിൽ മൂന്ന് ലക്ഷത്തിലധികം ആളുകൾ ആത്മഹത്യ ചെയ്യുന്ന കാർഷിക വറുതിയെ നേരിടാനുമാണ് എം.ജി.എൻ.ആർ.ഇ.ജി. നിയമം കൊണ്ടുവന്നത്. അതിപ്പോൾ ഇല്ലാതാക്കിയെന്നുമാത്രമല്ല, ഫലത്തിൽ 60:40 എന്ന കണ്ടീഷൻ

കൊണ്ടുവരികയും തൊഴിൽ ദിനങ്ങൾ വെട്ടിക്കുറയ്ക്കുകയും ചെയ്തു. നിലവിൽ നേരത്തെയുണ്ടായിരുന്നതിന്റെ പകുതിപോലും തൊഴിൽ ലഭിക്കുന്ന അവസ്ഥയില്ല. പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുകയും സംസ്ഥാനത്തിന് അധിക ബാധ്യത വരുത്തുകയും ചെയ്തു. രണ്ടായിരം കോടി രൂപയുടെയെങ്കിലും അധിക ബാധ്യത വരുമെന്നാണ് പ്രാഥമികമായി കാണുന്നത്. എന്തൊക്കെയാണ് അവർ ചെയ്യാൻ പോകുന്നതെന്നും ഏതൊക്കെ തൊഴിലുകളാണ് കട്ട് ചെയ്യാൻ പോകുന്നതെന്നും വ്യക്തത ലഭിച്ചിട്ടില്ല. എട്ടുകോടി മുതൽ ഒമ്പത് കോടി തൊഴിൽ ദിനം വരെ ലഭിച്ചിരുന്ന കേരളത്തിൽ അതില്ലാതാകുന്ന അവസ്ഥയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം കാരണം ഉണ്ടായിരിക്കുന്നത്. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന ഗ്രാമീണ പ്രദേശങ്ങളിലെ സാധാരണക്കാരെ വലിയ തോതിൽ ബാധിക്കുന്ന പ്രശ്നം തന്നെയാണിത്.

## വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

4(*34) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പന്ത്രണ്ട് മാസങ്ങളായി സംസ്ഥാനങ്ങൾക്കിടയിലെ വിലക്കയറ്റത്തിന്റെ തോതിൽ കേരളം ഒന്നാം സ്ഥാനത്താണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വിലക്കയറ്റതോത് ഇത്രയും മാസമായി ഉയർന്ന് നിൽക്കാനുള്ള കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പഠനത്തിന്റെ വിശദാംശം നൽകാമോ; വിലക്കയറ്റം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കാര്യം സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. Ministry of Statistics and Programme Implementation (MOSPI) പ്രതിമാസം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചിക (റൂറൽ, അർബൻ, കമ്പൈൻഡ്) {CPI(R/U/C}-യുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയിൽ വിലക്കയറ്റത്തിന്റെ തോത് കണക്കാക്കുന്നതും വിവിധ സംസ്ഥാനങ്ങൾക്കിടയിലെ അന്തരം കണക്കാക്കുന്നതും. ഡിസംബർ മാസം വരെയുള്ള സൂചികകൾ MOSPI പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) വിലക്കയറ്റതോതിനെ സംബന്ധിച്ച് പഠന വിധേയമാക്കിയിട്ടുണ്ട്. ഉപഭോക്തൃവില സൂചിക കണക്കാക്കുന്നത് പ്രധാനമായും 6 ഗ്രൂപ്പുകളിലെ വിലകളിൽവരുന്ന വ്യതിയാനവും ആയതിന്റെ പ്രാധാന്യവും (Weight) ആസ്പദമാക്കിയാണ്.

1. ഭക്ഷണവും പാനീയങ്ങളും (Food and Beverages)

2. പാൻ, പുകയില, ലഹരി വസ്തുക്കൾ (Pan, tobacco, intoxicants)

3. വസ്ത്രം (clothing)

4. ഇന്ധനവും വെളിച്ചവും (Fuel and light)

5. വീട് (Housing)

6. മറ്റിനങ്ങൾ (Miscellaneous) എന്നിവയാണ് ഗ്രൂപ്പുകൾ.

ഇവയിൽ ഭക്ഷണവും പാനീയങ്ങളും മറ്റിനങ്ങൾ എന്നീ രണ്ട് പ്രധാന ഗ്രൂപ്പുകളിലുൾപ്പെട്ട ഇനങ്ങളുടെ വിലയിലുള്ള വർധനവാണ് കഴിഞ്ഞ കുറച്ച് മാസങ്ങളായി കേരളത്തിലെ വിലക്കയറ്റം കൂടാൻ പ്രധാന കാരണമെന്നാണ് സർക്കാർ വിലയിരുത്തുന്നത്.

<u>1. വെളിച്ചെണ്ണയും കാർഷിക ഉണർവും</u>

വെളിച്ചെണ്ണയുടെ വില വർധനവ് ഒരു വിഷയമാണ്. പൊതുവിപണിയിലൂടെ സബ്സിഡി അനുവദിച്ച് വെളിച്ചെണ്ണ നൽകുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. വെളിച്ചെണ്ണയ്ക്ക് വില വർധിച്ചപ്പോൾ കാർഷികോൽപന്നങ്ങൾക്ക് വില വർധിച്ചുവെന്ന കാര്യമുണ്ടെങ്കിലും വിലക്കയറ്റം വലിയ തോതിൽ ബാധിക്കാതെ പിടിച്ചുനിർത്താൻ സാധിച്ചു.

കേരളത്തിൽ പാചകത്തിനായി പാമോയിലല്ല അധികം ആളുകളും വെളിച്ചെണ്ണയാണ് ഉപയോഗിക്കുന്നത്. മറ്റൊരു കാര്യം. സമൂഹം അറിയാൻ വേണ്ടി പറയുന്നതാണ്, സ്വർണത്തോടുള്ള മലയാളികളുടെ പ്രിയം. സ്വർണവും വിലക്കയറ്റം കണക്കാക്കുന്ന മിസലേനിയസ് ബാസ്കറ്റിനകത്തുണ്ട്.

കേരളത്തിലെ പണപ്പെരുപ്പ സൂചികയെ (CPI) പെട്ടെന്ന് ഉയർത്തിയ പ്രധാന ഘടകം വെളിച്ചെണ്ണയുടെ വിലയിലുണ്ടായ വർധനവാണ്. ദേശീയതലത്തിൽ പാചകയെണ്ണകളുടെ വിലയിൽ മാറ്റങ്ങൾ വരുമ്പോൾ, കേരളത്തിൽ അത് വെളിച്ചെണ്ണയെ കേന്ദ്രീകരിച്ചാണ് നിൽക്കുന്നത്. ഉപഭോക്താക്കൾക്ക് വിലക്കയറ്റം ബുദ്ധിമുട്ടുണ്ടാക്കുമെങ്കിലും നാളികേര കർഷകർക്ക് ഇത് വലിയൊരളവ് വരെ ആശ്വാസമാണെന്നത് ഇതിന്റെ ഗുണപരമായവശമാണ്. വെളിച്ചെണ്ണ വിലവർധന ഉപഭോക്താക്കളെ വലിയതോതിൽ ബാധിക്കാതിരിക്കാൻ സപ്ലൈകോയും സഹകരണ മേഖലയും സബ്സിഡി നൽകുകയും ചെയ്തു. വർഷങ്ങളായി താഴ്ന്നുനിന്ന തേങ്ങയുടെ വില ഉയർന്നത് കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിയിട്ടുണ്ട്.

ഗ്രാമീണ സമ്പദ് വ്യവസ്ഥയിലേക്ക് (Rural Economy) പണം തിരിച്ചെത്തുന്നുവെന്നതിന്റെ സൂചനയാണിത്.

2. സ്വർണ്ണത്തോടുള്ള മലയാളിയുടെ പ്രിയം

ഉപഭോക്തൃവില സൂചിക അഥവാ സി.പി.ഐ. കണക്കാക്കുമ്പോൾ സ്വർണ്ണത്തെയും വെള്ളിയെയും പലവക വിഭാഗത്തിലെ വ്യക്തിഗത പരിചരണം അഥവാ പേഴ്സണൽ കെയർ എന്ന ഗ്രൂപ്പിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു സാധാരണക്കാരന്റെ പ്രതിമാസ ചെലവിൽ സ്വർണ്ണം ഉൾപ്പെടുന്ന പേഴ്സണൽ കെയർ വിഭാഗത്തിന് നൽകിയിട്ടുള്ള പ്രാധാന്യം അഥവാ വെയ്റ്റേജ് കേരളത്തിൽ വളരെ കൂടുതലാണെന്നതാണ് ഇതിലെ പ്രധാന പ്രശ്നം. ദേശീയതലത്തിൽ ഈ വിഭാഗത്തിന്റെ വെയ്റ്റേജ് ഏകദേശം 3.89 ശതമാനം മാത്രമാണെങ്കിൽ, കേരളത്തിലെ നഗരപ്രദേശങ്ങളിൽ ഇത് 6.57 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 10.42 ശതമാനവുമാണ്. അതായത്, ദേശീയ ശരാശരിയേക്കാൾ രണ്ട് മുതൽ മൂന്നിരട്ടി വരെ പ്രാധാന്യമാണ് കേരളത്തിന്റെ പണപ്പെരുപ്പകണക്കിൽ

സ്വർണ്ണത്തിനുള്ളത്. ഇതിന്റെ ഫലമായി ആഗോളതലത്തിൽ സ്വർണ്ണവിലയിലുണ്ടാകുന്ന മാറ്റം കേരളത്തെ വളരെ രൂക്ഷമായി ബാധിക്കുന്നു. ഉദാഹരണത്തിന്, സ്വർണ്ണവില 50 ശതമാനം വർധിക്കുകയാണെങ്കിൽ ദേശീയതലത്തിൽ അത് മൊത്തം പണപ്പെരുപ്പത്തിൽ 0.55 ശതമാനമെന്ന ചെറിയ വർധനവ് മാത്രമേ ഉണ്ടാക്കുകയുള്ളൂ. എന്നാൽ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഇതേ സ്വർണ്ണവില വർധനവ് കാരണം മൊത്തം പണപ്പെരുപ്പത്തിൽ 4.6 ശതമാനത്തോളം വർധനവ് ഒറ്റയ്ക്ക് ഉണ്ടാകുന്നു.

അരിയുടെയോ പച്ചക്കറിയുടെയോ വിലയിൽ മാറ്റമില്ലെങ്കിൽപോലും സ്വർണ്ണവില കൂടിയാൽ മാത്രം കേരളത്തിലെ പണപ്പെരുപ്പനിരക്ക് കുത്തനെ ഉയരുന്നതായി കണക്കുകളിൽ കാണപ്പെടുന്നത് ഇതുകൊണ്ടാണ്. ചുരുക്കത്തിൽ, കേരളത്തിന്റെ സവിശേഷമായ ഉപഭോഗ സംസ്കാരത്തിന്റെയും സ്വർണ്ണത്തോടുള്ള താൽപര്യത്തിന്റെയും പ്രതിഫലനമാണ് ഈ ഉയർന്ന കണക്കുകൾ. ആഗോളതലത്തിൽ സ്വർണ്ണവില വർധിക്കുമ്പോൾ, സ്വർണ്ണത്തെ നിക്ഷേപമായും ആഭരണമായും കാണുന്ന മലയാളിയുടെ കുടുംബ ബജറ്റിൽ അത്

വലിയ മാറ്റമുണ്ടാക്കുന്നു. ഇത് പണപ്പെരുപ്പമായി കണക്കുകളിൽ കാണപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇത് മലയാളിയുടെ ഉയർന്ന വാങ്ങൽ ശേഷിയെയും (Purchasing Power) സമ്പാദ്യശീലത്തെയുമാണ് സൂചിപ്പിക്കുന്നത്.

3. ഉയർന്ന കൂലിയും മെച്ചപ്പെട്ട ജീവിത സാഹചര്യവും

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. നിർമ്മാണ മേഖലയിലും സേവന മേഖലയിലും (Services) ഉള്ള ഉയർന്ന കൂലി സ്വാഭാവികമായും സാധനങ്ങളുടെയും സേവനങ്ങളുടെയും വില വർധിപ്പിക്കും (Wage-Push Inflation). എന്നാൽ ഇതിന്റെ ഗുണപരമായ വശം വിലക്കയറ്റം ഉണ്ടെങ്കിലും സാധാരണക്കാരായ തൊഴിലാളികൾക്ക് മാന്യമായ വേതനം ലഭിക്കുന്നത് കേരളാ മോഡലിന്റെ വിജയമാണ്. ഇന്ത്യയിൽ എറ്റവുമധികം കൂലി ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. കൂടാതെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തൊഴിലാളികളുടെ ജീവിതനിലവാരം ഇവിടെ വളരെ ഉയരത്തിലാണ്.

4. ഉപഭോക്തൃ സംസ്ഥാനം എന്ന രീതിയിലുള്ള വെല്ലുവിളികൾ

അരിയും പച്ചക്കറിയും ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്ക് കേരളം അയൽ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. അവിടെയുണ്ടാകുന്ന ചെറിയ വിലമാറ്റങ്ങൾപോലും വണ്ടിക്കൂലിയും കൂലിചെലവും ചേർത്ത് കേരളത്തിലെത്തുമ്പോൾ വലിയ വിലക്കയറ്റമായിമാറുന്നു. എങ്കിലും ഉയർന്ന വില നൽകിയും ഗുണനിലവാരമുള്ള സാധനങ്ങൾ വാങ്ങാൻ മലയാളി തയ്യാറാകുന്നുവെന്നത് വിപണിയുടെ സജീവതയെ കാണിക്കുന്നു.

സഹകരണ വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ:

പൊതുവിപണിയിലെ വിലക്കയറ്റത്തിന് തടയിടാൻ സഹകരണവകുപ്പ് മുഖേന കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ അവശ്യ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മൂന്ന് തലത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നത്.

1. ത്രിവേണി സ്റ്റോർ മൊബൈൽ ത്രിവേണി

2. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലുള്ള നീതി സ്റ്റോറുകൾ

3. സർക്കാർ സബ്സിഡിയോടുകൂടിയുള്ള ഉത്സവകാല വിപണികൾ

കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ നഗര അർധനഗര പ്രദേശങ്ങളിലുമായി 176 ത്രിവേണി സ്റ്റോറുകളും മലയോര തീരദേശ മേഖലകളിൽ 47 മൊബൈൽ ത്രിവേണികളും പ്രവർത്തിച്ചുവരുന്നു. ഇവയിൽകൂടി പ്രതിമാസം 20 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വിറ്റുവരുന്നു. പൊതുമാർക്കറ്റിനേക്കാൾ ഏറ്റവും കുറഞ്ഞത് 10 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കിഴിവ് എല്ലാ സമയങ്ങളിലും ത്രിവേണികളിലൂടെയുള്ള ഉൽപന്നങ്ങൾക്ക് ലഭ്യമാണ്.

പ്രതിദിനം 15000 ഉപഭോക്താക്കളെങ്കിലും ഇതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുന്നുണ്ട്. ആകെ വിൽപനയുടെ 20 ശതമാനം ഇന്ന് മാർക്കറ്റിൽ അനിയന്ത്രിതമായി വില വർധനവുള്ള ആന്ധ്ര ജയ അരി, കുറുവ അരി, മട്ട അരി എന്നിവയാണ് വിൽപന നടത്തിവരുന്നത്.

സംസ്ഥാനതല ഉത്സവ വിപണിയിൽ പ്രതിദിനം 300 ഉപഭോക്താക്കൾക്കും ജില്ലാതല വിപണിയിൽ പ്രതിദിനം 150 ഉപഭോക്താക്കൾക്കും മറ്റ് വിപണികളിൽ പ്രതിദിനം 75 ഉപഭോക്താക്കൾക്കും

റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ നിയന്ത്രിത അളവിൽ സബ്സിഡി ഇനങ്ങൾ നൽകുന്നുണ്ട്. സർക്കാർ സബ്സിഡിയോടുകൂടി വിൽപന നടത്തുന്ന 13 ഇനങ്ങൾ ഭക്ഷ്യപൊതുവിതരണ വകുപ്പ് നിർദേശിച്ചിട്ടുള്ള വിലയ്ക്കും അളവിലുമാണ് വിതരണം ചെയ്യുന്നത്.

അരി - വെളിച്ചെണ്ണ വില്പന

ഉത്സവ വിപണിക്കുപുറമെ പതിവിൽനിന്ന് വ്യത്യസ്തമായി പൊതുവിപണിയിൽ അരി വിലയും വെളിച്ചെണ്ണ വിലയും കുതിച്ച് ഉയർന്നപ്പോൾ വില പിടിച്ചുനിർത്താനായി അടിയന്തര ഇടപെടലും സഹകരണ വകുപ്പ് നടത്തിയിട്ടുണ്ട്. അരിവില കുറയ്ക്കുന്നതിനായി എല്ലാ സഹകരണസംഘങ്ങളും അരിക്കടകൾ ആരംഭിച്ച് വില കുറച്ച് ഉപഭോക്താക്കൾക്ക് വിപണിയിൽ ലഭ്യമാക്കി. കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപാദിപ്പിക്കുന്ന ഏകദേശം 10 കോടി രൂപയുടെ വെളിച്ചെണ്ണ അവയുടെ ഗുണനിലവാരം ഉറപ്പാക്കി വിപണികളിൽ വിലക്കയറ്റം പിടിച്ച് നിർത്താൻ എത്തിച്ചിട്ടുണ്ട്.

<u>സപ്ലൈകോയും മറ്റ് ഏജൻസികളും മുഖേന സ്വീകരിച്ച നടപടികൾ:</u>

ഭക്ഷ്യധാന്യങ്ങൾക്കും മറ്റ് അവശ്യവസ്തുക്കൾക്കുംവേണ്ടി ഉൽപാദക സംസ്ഥാനങ്ങളെ കേരളത്തിന് ആശ്രയിക്കേണ്ടിവരുന്ന സാഹചര്യത്തിൽ രാജ്യത്ത് ഏറ്റവും ഉയർന്ന വിലയുണ്ടാകാൻ സാധ്യത കേരളത്തിലാണ്. എന്നാൽ, അരി, പച്ചക്കറി, പലവ്യഞ്ജനങ്ങൾ അടക്കമുള്ള അവശ്യവസ്തുക്കൾ ജനങ്ങൾക്ക് ന്യായവിലക്ക് ലഭ്യമാക്കാനുള്ള ഒരു സംവിധാനം ഇവിടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാൽ ഇവിടെ അത്തരത്തിലൊരു സാഹചര്യം ഉണ്ടാകുന്നില്ല. ഓണം പോലെയുള്ള ഉത്സവവേളകളിലാണ് സാധാരണഗതിയിൽ വിലക്കയറ്റ സാധ്യത ഏറ്റവും കൂടുതലായി ഉണ്ടാവാറുള്ളത്. പ്രത്യേക ചന്തകളുൾപ്പെടെയുള്ള ശക്തമായ വിപണിയിടപെടലുകളാണ് സപ്ലൈകോ ഇത്തരം ഘട്ടങ്ങളിൽ നടത്താറുള്ളത്. ഇക്കഴിഞ്ഞ ഓണക്കാലത്ത് കേരളത്തിൽ വെളിച്ചെണ്ണ വില വർധിക്കുവാനുള്ള പ്രവണത കണ്ടുതുടങ്ങിയ ഉടൻ സർക്കാർ അടിയന്തരമായി ഇടപെട്ടു. സപ്ലൈകോ വഴി 529 രൂപ വിലയുള്ള ഒരു ലിറ്റർ കേര വെളിച്ചെണ്ണ 457

രൂപയ്ക്കും തുടർന്ന് രണ്ട് ഘട്ടങ്ങളിൽ വീണ്ടും വില കുറച്ച് 445, 429 നിരക്കുകളിലും ലഭ്യമാക്കി. പിന്നീട് വീണ്ടും കുറച്ച് 396 എന്ന നിരക്കിൽ ഇപ്പോൾ നൽകിവരുന്നു. അതോടൊപ്പം സപ്ലൈകോയുടെ ശബരി വെളിച്ചെണ്ണ സബ്സിഡിയായി 349 രൂപയ്ക്കും നോൺ സബ്സിഡി 429 രൂപയ്ക്കും ലഭ്യമാക്കി. സബ്സിഡി വില തുടർന്ന് വീണ്ടും കുറച്ച് 309 രൂപയ്ക്ക് നൽകുന്നു. ഓണക്കാലത്ത് നോൺ സബ്സിഡി വെളിച്ചെണ്ണ 389 ആയി കുറച്ചു, പിന്നീട് ക്രമേണ വിലകുറച്ച് ക്രിസ്തുമസ്, പുതുവത്സര സീസൺ മുതൽ 329 രൂപയ്ക്ക് നൽകുന്നു. സപ്ലൈകോ വില്പനശാലകൾ വഴി കഴിഞ്ഞ ഓണക്കാലത്ത് മാത്രം 2236441 ലിറ്റർ ശബരി, കേര വെളിച്ചെണ്ണകൾ വില്പന നടത്തി. ഇതിന്റെയെല്ലാം ഫലമായി പൊതുവിപണിയിൽ വില നിയന്ത്രിക്കാൻ കഴിഞ്ഞു. ഇതിന്റെ ഫലമായാണ് കോർപ്പറേറ്റ് സൂപ്പർമാർക്കറ്റുകൾക്കുപോലും സപ്ലൈകോയുടെ വിലകളെ അടിസ്ഥാനപ്പെടുത്തി വെളിച്ചെണ്ണയുടെ വില പരിഷ്കരിക്കേണ്ടിവന്നത്. സപ്ലൈകോ വില്പനശാലകളിൽ സാധാരണ നൽകിവരുന്ന സബ്സിഡി അരിക്കുപുറമെ ഓണക്കാലം മുതൽ 25 രൂപ

നിരക്കിൽ 20 കിലോ അരി കാർഡ് ഒന്നിന് നൽകിവരുന്നു. റേഷൻകടകൾ വഴി മുൻഗണനേതര വിഭാഗങ്ങൾക്കുൾപ്പെടെ നൽകിവരുന്നതിന് പുറമെയാണിത്. ഇപ്രകാരം സംസ്ഥാനത്ത് ഭക്ഷ്യധാന്യ ലഭ്യത ഉറപ്പുവരുത്തുകവഴി വിലക്കയറ്റസാധ്യത തടഞ്ഞു. വിപണിയിൽ അരിവില പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി ഓണക്കാലത്ത് വെള്ള, നീല, പിങ്ക് വിഭാഗങ്ങൾക്ക് 15, 10, 5 കിലോഗ്രാം വീതം അരി 10 രൂപ 90 പൈസ നിരക്കിൽ റേഷൻ കടകൾ വഴി നൽകിയിട്ടുണ്ട്. AAY വിഭാഗങ്ങൾക്കും ക്ഷേമസ്ഥാപനങ്ങൾക്കും ചെങ്ങറ സമര ഭൂമിയിലെ താമസക്കാർക്കും ഉൾപ്പടെ 614217 സൗജന്യ ഭക്ഷ്യകിറ്റുകൾ നൽകി. മുൻഗണനാ വിഭാഗങ്ങളും മുൻഗണനേതര വിഭാഗങ്ങളും റേഷൻ കടകളിൽനിന്നുള്ള അരി വിതരണം പ്രയോജനപ്പെടുത്തിയിട്ടുള്ളതിനാലാണ് ഭക്ഷ്യകമ്മി സംസ്ഥാനമായിട്ടും ഉത്സവാഘോഷ വേളകളിലുൾപ്പെടെ കേരളത്തിൽ അരിക്ക് വിലക്കയറ്റം ഉണ്ടാകാത്തതിനുകാരണം. ഓണം ഗിഫ്റ്റ് പദ്ധതി, സമൃദ്ധി കിറ്റ്, മിനി സമൃദ്ധി കിറ്റ്, സിഗ്നേച്ചർ കിറ്റ്, FMCG ഓഫറുകൾ, താഴ്ന്ന വരുമാനമുള്ളവർക്കും

ഇടത്തരക്കാർക്കും സബ്സിഡി നോൺ സബ്സിഡി ഉൽപന്നങ്ങൾക്ക് കുറഞ്ഞ വിലക്ക് ലഭ്യമാക്കുക എന്നിങ്ങനെ വിവിധതരങ്ങളായ പദ്ധതികൾ സപ്ലൈകോ ആവിഷ്കരിച്ച് നടപ്പിലാക്കി. കേരളത്തിലെ 95 ലക്ഷത്തിലധികം വരുന്ന കാർഡുടമകളിൽ 56.73 ലക്ഷം കുടുംബങ്ങൾക്ക് അതായത് മൂന്നേകാൽ കോടി മലയാളികളിൽ രണ്ടേകാൽ കോടിയോളം പേർക്ക് നേരിട്ടുള്ള പ്രയോജനം ലഭിച്ചു. ക്രിസ്തുമസ്, പുതുവത്സര സീസണിൽ 82 കോടിയുടെ വില്പന നടന്നപ്പോൾ അതിൽ 36.06 കോടി സബ്സിഡി വില്പനയായിരുന്നു. സപ്ലൈകോയ്ക്ക് പുറമെ കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ്, VFPCK എന്നീ ഏജൻസികളും ശക്തമായ ഇടപെടലുകൾ നടത്തി. വിപണി ഇടപെടലിനായി കൃഷിവകുപ്പ് ആരംഭിച്ച 2000 കർഷക ചന്തകളിലൂടെ സംസ്ഥാനത്തുടനീളം ഓണക്കാലത്ത് ഉൾപ്പെടെ 2157 ടൺ പഴങ്ങളും പച്ചക്കറികളുമാണ് വിറ്റഴിച്ചത്. സംഭരണ വിലയെക്കാൾ പത്ത് ശതമാനം അധിക വില നൽകി കർഷകരിൽനിന്ന് സംഭരിച്ച പഴങ്ങളും പച്ചക്കറികളും പൊതുവിപണിയെക്കാൾ മുപ്പത് ശതമാനം കുറച്ചാണ് കർഷക ചന്തകളിലൂടെ പൊതുജനങ്ങൾക്ക്

ലഭ്യമാക്കിയത്. കേരളത്തിൽ സപ്ലൈകോവഴി 1640-ലധികം ഔട്ട്ലെറ്റുകൾ അവശ്യവസ്തുക്കളായ 13 ഇനം സാധനങ്ങൾ വിലകുറച്ച് വില്പന നടത്തിവരുന്നു. സംസ്ഥാനത്തെ വിലക്കയറ്റം തടയുന്നതിന് സിവിൽ സപ്ലൈസ് വകുപ്പിൽ 23-11-2023-ലെ GO(Rt)No.470/2023/FCSD പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിലക്കയറ്റം തടയുന്നതിന് ഭക്ഷ്യപൊതുവിതരണ വകുപ്പിലെ ജില്ല/താലൂക്കുതല ഉദ്യോഗസ്ഥർ പൊതുവിപണിയിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. ഉത്സവ സീസണുകളിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ്, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്തുന്നുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിലവിലുള്ള താലൂക്കുതല സ്ക്വാഡുകളുടെ സഹായത്തോടുകൂടി

പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചുനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിതരണ വകുപ്പിന്റെ വിപണി പരിശോധനകൾ, വിലനിലവാര നിരീക്ഷണം എന്നിവമൂലം വിപണിയിൽ വലിയ ഏറ്റക്കുറച്ചിലുകളില്ലാതെ വിലനിലവാരം നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, വിലക്കയറ്റം നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന്റെ കൈവശമുള്ള പ്രധാന ടൂൾ സപ്ലൈകോ ആണ്. സപ്ലൈകോയ്ക്ക് സംസ്ഥാന സർക്കാർ നൽകാനുള്ളത് രണ്ടായിരം കോടിയോളം രൂപയാണ്. കേന്ദ്രസർക്കാരും സമാനമായി രണ്ടായിരം കോടിയോളം രൂപ നൽകാനുണ്ട്. ബജറ്റിൽ വകയിരുത്തുന്ന തുക തീരെ നൽകാതെ/വളരെ പരിമിതമായി നൽകുന്ന സാഹചര്യമാണ്. സപ്ലൈകോയ്ക്ക് എത്ര തുക നൽകാനുണ്ട്; അത് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സപ്ലൈകോയ്ക്ക് നൽകുന്ന തുകയിൽ വലിയ വർധനവാണ് വന്നിരിക്കുന്നത്. അത് വളരെ വിശദമായി

അടുത്തദിവസം ബജറ്റ് കണക്കുകളിലെല്ലാം വരുമെന്നതുകൊണ്ട് ഞാൻ സമയമെടുത്ത് പറയുന്നില്ല. നൽകാനുള്ള പണത്തിന് സർക്കാർതന്നെ ഗ്യാരന്റി കൊടുത്ത് പണം നൽകുന്നുണ്ട്. സപ്ലൈകോയെ കൂടുതൽ സ്ട്രെങ്ത്തൻ ചെയ്യുക എന്നുള്ളതുതന്നെയാണ് സമീപനം. ഇനിയും കൂടുതൽ സ്ട്രെങ്ത്തൻ ചെയ്യും. പണം അനുവദിക്കുകയും ചെയ്യും.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, 2023-ലെ ബജറ്റിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ മാറ്റിവച്ച തുക ഏകദേശം 2000 കോടി രൂപയാണ്. എന്നാൽ അനുവദിച്ചത് വളരെ ചെറിയ തുകയാണ്. തുകയിലെ അന്തരമാണ് ഇതിലെ പ്രധാനപ്പെട്ട വിഷയം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധാരണകൊണ്ടാണ് ആ ചോദ്യം ഉന്നയിക്കുന്നത്. നമ്മുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സപ്ലൈകോയ്ക്ക് മാത്രം കൊടുക്കുന്നതല്ല. നമ്മുടെ പൊതുവിതരണ സമ്പ്രദായത്തിനും, നെല്ല് സംഭരിക്കുന്നതിനും സപ്ലൈകോയ്ക്കുമായിട്ടാണ് ബജറ്റിൽ തുക വകയിരുത്തുന്നത്. പലപ്പോഴും

ബജറ്റിൽ വയ്ക്കുന്ന 2000 കോടി രൂപയേക്കാളും കൂടുതൽ ചെലവാക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് നെല്ല് ഉൽപാദിപ്പിക്കുന്ന ആന്ധ്രയിലേക്കാളും വിലകുറച്ച് കേരളത്തിലെ മാർക്കറ്റുകളിൽ അരി ലഭിക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഈ സർക്കാരിന് ഏറ്റവും വലിയ തിരിച്ചടിയുണ്ടാകാനുള്ള കാരണം വിലക്കയറ്റമാണ്. പൊതുവിപണിയിലുമ വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ സത്വരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പൊതുവിപണിയിൽ ഏറ്റവും കൂടുതൽ ഇടപെടുന്ന സംസ്ഥാനം കേരളം തന്നെയാണ്. വിലകുറയ്ക്കുന്നതിനായി തുടർന്നും നടപടികൾ സ്വീകരിക്കും. വരുന്ന ബജറ്റിലായാലും അവയ്ക്കെല്ലാം കൂടുതൽ പരിഗണന നൽകുന്ന തരത്തിൽതന്നെയാണ് കേരളം ഇക്കാര്യങ്ങളിൽ ഇടപെടുന്നത്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ....ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)